മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 20 THE ONLINE OFFICIAL NEWS BULLETIN 2026 May 14

SEASON OF RESURRECTION | ഉയിർപ്പുകാലം | ܥܕܢܐ ܕܩܝܡܬܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
AWAITING HOLY SPIRIT			AWAITING HOLY SPIRIT		AWAITING HOLY SPIRIT	
17	18	19	20	21	22	23
6 Sunday before Pentecost	2	6 201st Mem. of Punnathra Mar Dionysius III (Kottayam Cheriya Palli)	2 Comme. of the 4 Evangelist, All fathers of the 3 Ecumeniacal Synods	6	2	6




പുലിയൂർ സെന്റ് മേരിസ് & സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി ഇടവകയുടെ പെരുന്നാളും സപ്തതി ആഘോഷങ്ങളുടെ സമാപനവും പ. ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവായുടെ മുഖ്യ കാർമികത്വത്തിൽ നടന്നു.



പുതുപ്പള്ളി പള്ളി പെരുന്നാളിൽ പ. ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവാ ശ്ലൈഹീക വാഴ്വ് നൽകുന്നു.



ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ രാജ്യാന്തര സമ്മേളനത്തോടനുബന്ധിച്ച് പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയത്തിൽ നിന്നും സമ്മേളന നഗരിയായ പത്തനംതിട്ട ബേസിൽ അരമനയിലേക്ക് ദീപശിഖാ പ്രയാണം നടന്നു. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ തിരി തെളിയിച്ചു.



കേരളത്തിന്റെ നിയുക്ത മുഖ്യമന്ത്രി ശ്രീ. വി. ഡി. സതീശന് പ്രാർത്ഥനാശംസകൾ. രാജ്യത്തിന്റെ മതേതര ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും എല്ലാ വിഭാഗം ജനങ്ങളെയും ചേർത്തുപിടിച്ചും മുന്നേറാൻ സർവ്വേശ്വരൻ അദ്ദേഹത്തെ പ്രാപ്തനാക്കട്ടെ. വികസന വഴിയിൽ കേരളത്തെ പുതുദിശയിലേക്ക് നയിക്കാൻ അദ്ദേഹത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ



പുതുപ്പള്ളി എം.എൽ.എ. ചാണ്ടി ഉമ്മൻ, ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായെ സന്ദർശിച്ച് അനുഗ്രഹം തേടി.

ചരിത്രരേഖകൾ

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1951)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

8-8-1951. കോട്ടയം. രാവിലെ കണ്ടനാട്ടുകാരൻ മട്ടുമ്മേൽ അച്ചൻ വന്നു. കാപ്പി കഴിഞ്ഞു പോയി. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു. മട്ടുമ്മേൽ അച്ചന്റെ രണ്ടു മക്കളും ഉണ്ടായിരുന്നു. മോസസ് ശെമ്മാശനും ജോർജ് ശെമ്മാശനും വന്നിരുന്നു.

9-8-1951. കോട്ടയം. ഇന്ന് പാറേട്ടച്ചനും കറിയാക്കുട്ടിയും വന്ന് ചില സംഗതികൾ പറഞ്ഞു. എണ്ണ സേവ തുടങ്ങിയിട്ട് ഇന്ന് 11 ദിവസമായി. കാർത്തികപ്പള്ളിയിൽ നിന്നും ശെമ്മാശന്മാർ നമ്മുടെ കല്പനപ്രകാരം വന്നിരുന്നു. 4 മണിക്ക് അവർ തിരിച്ചുപോയി.

10-8-1951. കൊലത്താക്കൽ തോമസ് കത്തനാർ വന്ന് മാരാമൺ പള്ളിയിലെ സംഗതികളെക്കുറിച്ചു പറഞ്ഞു. അതിനു പരിഹാരം ഉണ്ടാക്കണമെന്നും മറ്റും കാണിച്ച് തീമോത്തിയോസ് മെത്രാച്ചന് ഒരു കല്പന കൊടുത്തയച്ചു.

മണലിൽ കത്തനാർ തിരുവനന്തപുരത്തു നിന്നും വന്നു. കേസുകാര്യങ്ങളെക്കുറിച്ചു പറഞ്ഞു. രാത്രി താമസിച്ചു.

11-8-1951. കോട്ടയം. രാവിലെ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. മണലിൽ കത്തനാർ രാവിലെ പോയി. നരിമറ്റത്തിൽ യോഹന്നാൻ കത്തനാരും പാറയ്ക്കൽ കത്തനാരും വന്നിരുന്നു. രാത്രി 11 മണിക്ക് ആലപ്പുഴ നിന്നും കുട്ടിയച്ചനും, കോരുതു ജഡ്ജിയും നമ്മെ കാണ്മാൻ വന്നിരുന്നു. ഇന്നലെ സന്ധ്യയോടു കൂടി ചാണ്ടപ്പിള്ള വന്നു. ഉച്ചകഴിഞ്ഞു തിരിച്ചുപോയി. മാങ്ങാനത്തു ചൊല്ലുന്ന പാറേൽ കത്തനാർ വന്നു. അയാളുടെ മകന്റെ മരണത്തെപ്പറ്റിയും മറ്റും പറഞ്ഞു.


12-8-1951. കോട്ടയം. രാവിലെ മാനേജരു കത്തനാർ വി. കുർബ്ബാന ചൊല്ലി. പള്ളി നിറയെ ആളുകൾ ഉണ്ടായിരുന്നു. മാത്തുക്കുട്ടിയും മറ്റും വന്നു നമ്മെ കണ്ടു. ഇവിടെ ഉള്ള പലരെയും സന്ദർശിക്കുന്നതിനായി കോരുതു പോയ ശേഷം നാലു മണിക്കു തിരിച്ചുവന്ന് ആലപ്പുഴയ്ക്കു പോയി.

13-8-1951. കോട്ടയം. രാവിലെ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. തിയോളജിക്കൽ സെമിനാരിയിൽ നിന്നും സൈമൺ ശെമ്മാശനെ വരുത്തി ചില സംഗതികൾ ചോദിച്ചറിഞ്ഞു. കുമരകത്തെ അബ്രഹാം കത്തനാരും കുടശനാട്ടുകാരൻ ശെമ്മാശനും വന്നു ചില സംഗതികൾ പറഞ്ഞു.

14-8-1951. കോട്ടയം. ഇന്ന് പതിനഞ്ചു നോമ്പാചരിച്ചു. പീരുമേട്ടിലെ അച്ചൻ വന്ന് ചില സംഗതികൾ പറഞ്ഞു. ഇന്ന് അച്ചൻ ഇവിടെ താമസിച്ചു. ഇലന്തൂക്കാരൻ റ്റി. റ്റി. തോമസും പത്തനംതിട്ട കുഴിയിലെ ജോർജ്ജും വന്നിരുന്നു. പത്തനംതിട്ട കോളജു സ്ഥാപിക്കുന്ന സംഗതിയെപ്പറ്റി പറഞ്ഞു. പ്ലാസിഡ് അച്ചനും ദീപികയിലെ മറ്റൊരച്ചനും കൂടി നമ്മെ കാണ്മാൻ വന്നിരുന്നു.

15-8-1951. കോട്ടയം. മാവേലിക്കര നിന്നും പറമ്പിലച്ചനും, മൂത്തേടത്തച്ചനും, സി. എം. ഉമ്മൻ, ചാക്കോച്ചൻ മുതലായവരും വന്നിരുന്നു. മൂത്തേടത്തച്ചനെ കുറെ നാളത്തേക്ക് അവിടെ നിന്നും മാറ്റരുതെന്ന് അവർ നമ്മുടെ അടുക്കൽ അപേക്ഷിച്ചു. അങ്ങനെ നാം സമ്മതിച്ചു. പത്തിച്ചിറക്കാരൻ അച്ചൻ വന്നിരുന്നു. ടിയാന്റെ കേസ്സിനെപ്പറ്റി കേട്ടു. വട്ടക്കാട്ടെ കത്തനാരും വന്നിരുന്നു. നിയമവിരുദ്ധമായി വിവാഹം നടത്തിക്കൊടുത്തതിൽ പശ്ചാത്താപമുണ്ടെന്നും, മേലിൽ അങ്ങനെ ചെയ്യുകയില്ലെന്നും മറ്റും ഉള്ള ഉടമ്പടി എഴുതിത്തന്നു. ചില പ്രായശ്ചിത്തങ്ങൾ ചെയ്തശേഷം സസ്പെൻഷൻ അഴിച്ചുകൊണ്ടുള്ള കല്പന കൊടുത്തു. ഉച്ചകഴിഞ്ഞ് എല്ലാവരും പിരിഞ്ഞു. ശെമ്മാശൻ വീട്ടിൽ പോയി.

16-8-1951. കോട്ടയം. ഇന്ന് വിശേഷം ഒന്നും ഇല്ല. നമ്മെ കാണുന്നതിനു



ചിലർ വന്നിരുന്നു.

17-8-1951. തിരുവല്ലാ മണലിൽ കത്തനാർ വന്നിരുന്നു. ന്യായമല്ലാത്ത വിധത്തിലുള്ള ഒരു വിവാഹം നടത്തിയതിൽ സംബന്ധിച്ചതു മൂലം മെത്രാച്ചൻ അയാളെ സസ്പെന്റു ചെയ്തിരിക്കയാണ്. അതിനു പരിഹാരം ഉണ്ടാക്കണമെന്നും മറ്റും നമ്മോടു അറിയിച്ചു. മെത്രാച്ചന്റെ അടുക്കൽ ചെന്ന് അറിയിച്ചു പരിഹാരം ഉണ്ടാക്കുന്നതിനായി പറഞ്ഞയച്ചു. മുണ്ടക്കയത്തു നിന്നും വെങ്ങാഴിയിൽ അച്ചനും മകളും വന്നു. ഉച്ചകഴിഞ്ഞ് തിരിച്ചുപോയി.

18-8-1951. കോട്ടയം. ശെമ്മാശൻ രാവിലെ വന്നു. പരുമല നിന്നും അച്ചൻ വന്നിരുന്നു. കൊച്ചൂട്ടിക്ക് അവിടെ നിന്നും ചിലവിനു കൊടുക്കുന്നതിനു നാം അനുവദിച്ചു. ഉച്ചകഴിഞ്ഞ് അയാൾ പോയി. കെ. ഫീലിപ്പോസ് കത്തനാർ വന്നിരുന്നു.

19-8-1951. കോട്ടയം. രാവിലെ മാനേജരു കത്തനാർ നട്ടാശ്ശേരിൽ വി. കുർബ്ബാന ചൊല്ലുന്നതിനു പോയി. ഫീലിപ്പോസ് കത്തനാർ ഇവിടെ വി. കുർബ്ബാന അർപ്പിച്ചു. നാം പള്ളികൾക്കയച്ച പൊതു കല്പന ഇവിടെ വായിച്ചു.

20-8-1951. ഫീലിപ്പോസു കത്തനാർ വി. കുർബ്ബാന ചൊല്ലി. വെൺമണിക്കാരൻ കത്തനാർ വന്നിരുന്നു. വെൺമണി പള്ളിയിൽ തവണ കൊടുക്കണമെന്നും മറ്റും പറഞ്ഞു. ഇടവക മെത്രാച്ചനുമായി ആലോചിച്ചു ചെയ്യുന്നതിനു പറകയും വേണ്ടതു ചെയ്യുന്നതിന് മെത്രാച്ചനു കല്പന കൊടുക്കയും ചെയ്തു.

21-8-1951. കോട്ടയം. ഇന്നും ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. സന്ധ്യയ്ക്ക് ഉപ്പൂട്ടിലെ കുഞ്ഞച്ചനും, കൊച്ചുകൊച്ചും മറ്റും വന്നു ചില സംഗതികൾ പറഞ്ഞു. തിയോളജിക്കൽ സെമിനാരിയിൽ നിന്നും യോഹന്നാൻ കത്തനാരും അയിരൂർക്കാരൻ സൈമൺ ശെമ്മാശനും വന്നിരുന്നു. ശെമ്മാശന്റെ

വിവാഹ സംഗതിയെപ്പറ്റി പറഞ്ഞു.

22-8-1951. കോട്ടയം. ഇന്ന് ഷുഗർ 3.5% ഉണ്ടായിരുന്നതുകൊണ്ട് വിവരം വയസ്ക്കരെ അറിയിച്ചു. അവിടെ നിന്നും ഒരു മരുന്ന് കൊടുത്തയച്ചു. അതു കുടിച്ചു തുടങ്ങി. ഇലഞ്ഞിക്കാരൻ റ്റി. റ്റി. തോമസ് വന്ന് ടിയാൻ സുറിയാനി പഠിക്കുന്നതിനായി പത്തനംതിട്ടയ്ക്കു പോകുന്ന സംഗതിയെപ്പറ്റി പറഞ്ഞു. അവിടെ താമസിച്ചു പഠിക്കുന്നതിനായി മെത്രാച്ചന്റെ പേർക്കു ഒരു കല്പനയും കൊടുത്തയച്ചു.

23-8-1951. കോട്ടയം. കേസുവകയ്ക്കു കരുവാറ്റാ പള്ളിയിൽ നിന്നും 250 രൂപാ അയച്ചുതന്നു. ഏലിയാമ്മയുടെയും അച്ചാമ്മയുടെയും ഓരോ എഴുത്തുകൾ വന്നിരുന്നു. മറുപടി രണ്ടുപേർക്കും അയച്ചുകൊടുത്തു. കൊച്ചുമെത്രാച്ചന്റെ കബറടക്കം സംബന്ധിച്ച് എം.സി. മാത്യു ചിലവാക്കിയ 541 രൂപാ ഇന്നു കൊടുത്തു.

24-8-1951. കോട്ടയം. രാവിലെ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. തിരുവല്ലായിൽ നിന്നും ഏലിയാസ് തോമസ് അച്ചൻ എഴുതി അറിയിച്ചതനുസരിച്ച് അവിടെ അരമനയുടെ മേൽപ്പുര പണിയുന്നതിനുള്ള തടിയും മറ്റും നോക്കുന്നതിനായി മാനേജരച്ചൻ തിരുവല്ലായ്ക്കു പോയി. പാറേട്ടച്ചനും, നൈനാനും വന്ന് ഓഫീസ് കാര്യങ്ങൾ നോക്കി. ഉച്ചകഴിഞ്ഞ് പോയി. ദാവീദച്ചനും, പത്തിച്ചിറക്കാരൻ കത്തനാരും, മൂത്തേടത്തെ കത്തനാരും വന്ന് ചില സംഗതികൾ പറഞ്ഞു. മാനേജർ കത്തനാർ സന്ധ്യയോടു കൂടി വന്നു വിവരങ്ങൾ പറഞ്ഞു.

25-8-1951. കോട്ടയം. മാർ അസ്സോസ്സേലിന്റെ ഓർമ്മ പ്രമാണിച്ച് ഫീലിപ്പോസു കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. ചാലാശ്ശേരിൽ അച്ചൻ നട്ടാശ്ശേരിയിൽ വി. കുർബ്ബാന ചൊല്ലുന്നതിന് വന്നു രാത്രി താമസിച്ചു. വടകര നിന്നും, കണ്ടത്തിപുത്തൻപുരയിൽ കൊച്ചച്ചനും, തട്ടമ്പാറെ ശെമ്മാശനും, ടിയാന്റെ അമ്മയും മറ്റും നമ്മെ കാണ്മാൻ വന്നിരുന്നു. മുണ്ടിയപ്പള്ളിക്കാരൻ വർഗീസ് ശെമ്മാശൻ സന്ധ്യയോടു കൂടി വന്നു.

26-8-1951. കോട്ടയം. രാവിലെ മാനേജരച്ചൻ വി. കുർബ്ബാന അർപ്പിച്ചു. ഫീലിപ്പോസു കത്തനാർ പ്രസംഗിച്ചു. പള്ളി നിറയെ ആളുകൾ ഉണ്ടായിരുന്നു. പഥ്യമാകയാൽ നാം ഇന്നും പള്ളിയിൽ ഇറങ്ങിയില്ല. മാനേജരച്ചനും ശെമ്മാശനും കൂടി മാങ്ങാനത്തിനു പോയി, രോഗിയായി കിടക്കുന്ന കപ്യാരുകൊച്ചനെ കണ്ടു.

27-8-1951. കോട്ടയം. നൈനാൻ വന്നിട്ടുണ്ടായിരുന്നു. മറ്റു വിശേഷം ഒന്നും തന്നെയില്ല.

28-8-1951. കോട്ടയം. ദൈവമാതാവിന്റെ ശൂനോയോ പെരുന്നാൾ പ്രമാണിച്ച് ഫീലിപ്പോസു കത്തനാർ ഇവിടെ വി. കുർബ്ബാന അർപ്പിച്ചു. മാനേജരച്ചൻ നട്ടാശ്ശേരിക്കു പോയി. നാമും ഇന്ന് പള്ളിയിൽ ഇറങ്ങി. കുർബ്ബാനമദ്ധ്യേ മാതാവിനോടുള്ള പ്രത്യേകമായ അപേക്ഷ നടത്തി. കൊടശനാട്ടു നിന്നും വികാരിയും ശെമ്മാശനും വന്നു. ശെമ്മാശന്റെ പട്ടംകൊടയെപ്പറ്റി പറഞ്ഞു. ചിങ്ങം 24-ാം തീയതിക്കു നാം സമ്മതിച്ചു. ഉച്ചകഴിഞ്ഞ് അവർ പോയി. സന്ധ്യയോടു കൂടി മണലിൽ കത്തനാർ വന്നിരുന്നു. രാത്രി താമസിച്ചു.

29-8-1951. കോട്ടയം. ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. പാറേട്ടച്ചനും, മണലിൽ കത്തനാരും മാനേജരച്ചനും കൂടി അമയന്നൂർക്കു പോയിരുന്നു. നിരണത്തു നിന്നും മട്ടയ്ക്കൽ ജോർജ് കത്തനാരും, കറ്റാനത്തു നിന്ന് തോമസ് കത്തനാരും കാനം പള്ളി വികാരിയും വന്ന് ചില സംഗതികളെപ്പറ്റി പറഞ്ഞു. ഉച്ചകഴിഞ്ഞ് തിരിച്ചുപോയി. അച്ചന്മാർ അമയന്നൂർ നിന്നും സന്ധ്യയോടു കൂടി വന്നു.

30-8-1951. കോട്ടയം. രാവിലെ ഫീലിപ്പോസ് കത്തനാർ കുർബ്ബാന ചൊല്ലി. മണലിൽ കത്തനാർ കേസു സംബന്ധിച്ച് ആലോചിക്കുന്നതിന് ഫീലിപ്പോച്ചനെ കാണ്മാൻ തിരുവനന്തപുരത്തിനു പോയി. മാനേജരച്ചൻ തിരുവല്ലാ ബഥനി അരമനയുടെ മേൽപ്പുര മാറുന്നതിന്റെ പണികളെപ്പറ്റി പണിക്കാരുമായി ആലോചിക്കുന്നതിനു തിരുവല്ലായ്ക്കു പോയി. സന്ധ്യയ്ക്കു തിരിച്ചുവന്നു. അവിടുത്തെ ആശാരിമാർ 150 തച്ചും, ഇവിടുത്തെ ആശാരിമാർ 100 തച്ചും പറയുന്നതുകൊണ്ട് ഇവിടുത്തുകാരെക്കൊണ്ട് പണി കഴിപ്പിക്കാൻ തീരുമാനിച്ചു.

31-8-1951. കോട്ടയം. ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. 10 മണിക്ക് തീമോത്തിയോസ് മെത്രാച്ചൻ വടക്കോട്ടു പോകുന്ന വഴി ഇവിടെ കയറി. ഉച്ച ഊണു കഴിഞ്ഞ് മൂന്നു മണിക്ക് മൂവാറ്റുപുഴയ്ക്കു പോയി. ദാനിയേൽ കത്തനാർ ഇവിടെ താമസിച്ചു. വട്ടക്കുന്നേൽ കത്തനാർ വന്നിരുന്നു.

1-9-1951. കോട്ടയം. രാവിലെ ഫീലിപ്പോസ് കത്തനാർ കുർബ്ബാന ചൊല്ലി. ഈപ്പൻ ശെമ്മാശനും അയാളുടെ രണ്ട് അനുജന്മാരും വന്നു നമ്മെ കണ്ടു. ആലുവാ കോളജ് ഓണം അവധി പ്രമാണിച്ച് ഇന്നലെ അടച്ച് ശെമ്മാശനും മറ്റും പത്തനംതിട്ടയ്ക്കു പോയി. ഉച്ചകഴിഞ്ഞ് നാലരയ്ക്കു ദാനിയേൽ കത്തനാർ കാരാപ്പുഴ ചാപ്പലിലേക്കു പ്രത്യേക ക്ഷണമനുസരിച്ചു പോയി.

2-9-1951. കോട്ടയം. രാവിലെ മാനേജരച്ചൻ വി. കുർബ്ബാന ചൊല്ലി. ഉച്ചകഴിഞ്ഞ് രണ്ടു മണിക്ക് ഇവിടത്തെ സണ്ടേസ്കൂളിന്റെ വാർഷിക മീറ്റിംഗും സമ്മാനദാനവും നടത്തി. കുട്ടികൾക്കു പാച്ചോർ കൊടുത്തു. നാലു മണിക്ക് ചെറിയ മഠത്തിൽ മല്പാൻ വന്നു. സന്ധ്യയ്ക്കു ദാനിയേൽ കത്തനാർ കാരാപ്പുഴ നിന്നും വന്നു.

3-9-1951. കോട്ടയം. രാവിലെ മാനേജരു കത്തനാരും ശെമ്മാശനും കൂടി അബ്സീനിയായ്ക്കു പോകുന്ന കുണ്ടറ കോശി കത്തനാരെ യാത്ര അയയ്ക്കുന്നതിനും അവിടെയുള്ള സാധനങ്ങൾ ഏറ്റുവാങ്ങുന്നതിനും മറ്റും കുണ്ടറയ്ക്കു പോയി. എട്ടു മണിക്ക് കുടിലിലെ പെണ്ണിന്റെ കല്യാണം നടത്തിക്കൊടുത്തു. ഫീലിപ്പോസ് കത്തനാരും വന്നിരുന്നു.

4-9-1951. കോട്ടയം. രാവിലെ ഉമയാറ്റുകരെ അച്ചനും ബസ്ക്യാമ്മയും കൂടി നമ്മെ കാണ്മാൻ വന്നു. നമുക്കു ചില സാധനങ്ങൾ കൊണ്ടുതന്നു. പത്തു മണിക്ക് അവർ പോയി.

5-9-1951. കോട്ടയം. 11 മണിക്ക് വർക്കിംഗ് കമ്മിറ്റി കൂടി. പാറേട്ടച്ചനും, കെ. ചെറിയാനും, നൈനാനും വർഗീസ് മാപ്പിളയും പി. എം. ജേക്കബും വന്നിരുന്നു. കേസിന്റെ പണപിരിവിനെപ്പറ്റിയും സമുദായ ഓഫീസ് നടത്തിപ്പിനെപ്പറ്റിയും മറ്റും ആലോചിച്ചു ചില തീരുമാനങ്ങൾ ചെയ്തു. ഇന്ന് ഈപ്പൻ ശെമ്മാശൻ വന്നു ഇവിടെ താമസിച്ചു. പത്തിച്ചിറക്കാരൻ കത്തനാരു വന്നു ചില സംഗതികൾ പറഞ്ഞു. കുമരകത്തുകാരൻ കത്തനാർ വന്ന് ആ പള്ളിയിൽ നിന്നും കേസിന് 250 രൂപാ നമ്മെ ഏല്പിച്ചു.

6-9-1951. തിരുമൂല പള്ളി വികാരി ഏബ്രഹാം കത്തനാർ വന്ന്, അയാൾക്കു തിരുമൂല പള്ളി നടത്താൻ പ്രയാസമാണെന്നും മാങ്ങാനം ചാപ്പലിൽ വന്നു താമസിച്ച് അവിടെ വിശുദ്ധ കുർബ്ബാന ചൊല്ലിക്കൊള്ളാമെന്നും മറ്റും പറഞ്ഞു. ഇടവക മെത്രാച്ചനുമായി ആലോചിച്ചു വേണ്ടത് ചെയ്യാമെന്നു പറഞ്ഞു.

പൊങ്ങലടിയിൽ ഇരിക്കുന്ന മാരാമണ്ണുകാരൻ കത്തനാർ വന്നു. അയാളെ കുണ്ടറയ്ക്കു അയക്കാൻ നിശ്ചയിച്ചിരിക്കുന്ന വിവരം നാം അറിയിച്ചു. ഒരു മാസത്തെ അവധി കൊടുക്കണമെന്നും, അതു കഴിഞ്ഞ് കുണ്ടറയ്ക്കു പോകാമെന്നും സമ്മതിച്ചു തിരിച്ചുപോയി.

നാലു മണി കഴിഞ്ഞ് മാനേജരു കത്തനാരും ശെമ്മാശനും, മണലിൽ കത്തനാരും തിരുവനന്തപുരത്തു നിന്നും വന്നു. ഫീലിപ്പോച്ചനു സുഖമില്ല എന്നറിഞ്ഞതിനാൽ കുണ്ടറ നിന്നും മാനേജരച്ചൻ തിരുവനന്തപുരത്തിനു പോയിരിക്കയായിരുന്നു. കേസു കാര്യങ്ങളെപ്പറ്റിയും, ഫീലിപ്പോച്ചന്റെ സുഖമില്ലാഴികയെക്കുറിച്ചും മറ്റും പറഞ്ഞു.

സന്ധ്യയ്ക്കു തേവോദോസ്യോസ് മെത്രാച്ചൻ വന്നിരുന്നു. നാളെ ഏതോ ആവശ്യത്തിനു തൃശൂർക്കും കുന്നങ്കുളത്തിനും പോകാനാണ് വന്നത്.

രാവിലെ പുത്തൻപള്ളിയുടെ അടുത്ത് ഒരു ചാപ്പൽ വയ്ക്കുന്നതിനായി ചെറിയപള്ളിക്കാർ നമ്മുടെ പേരിൽ വാങ്ങിയിരിക്കുന്ന സ്ഥലം സന്ദർശിച്ചു. കെട്ടിടം പണിയുടെ ശിലാസ്ഥാപനവും നടത്തി. നമ്മുടെ ആളുകളിൽ പലരും കൂടിയിരുന്നു. ഫീലിപ്പോസ് കത്തനാരും നമ്മോടുകൂടി ഉണ്ടായിരുന്നു. നാലു മണിക്ക് എം.ഡി ഹോസ്റ്റലിൽ പോയി അവിടെയുള്ള നമ്മുടെ കുട്ടികളെ സന്ദർശിച്ച് ഗുണദോഷങ്ങൾ പറഞ്ഞുകൊടുത്തു.

7-9-1951. കോട്ടയം, തിരുവല്ല. ഉച്ചകഴിഞ്ഞ് കൊടശനാട്ടിനു തിരിച്ചു. പഥ്യം കഴിഞ്ഞിരിക്കുന്ന അവസരമാകയാൽ ദീർഘയാത്ര ചെയ്വാൻ പ്രയാസമാകകൊണ്ടും മറ്റും തിരുവല്ലാ അരമനയിൽ ഇറങ്ങി താമസിച്ചു. ഏലിയാസ് തോമസ് കത്തനാർ ഇവിടെ ഉണ്ടായിരുന്നു. സി. സി. ജോർജ് കത്തനാരും, ഏറാട്ടെ കത്തനാരും മറ്റു പലരും വന്ന് നമ്മെ സന്ദർശിച്ചു. മെത്രാച്ചൻ നിരണത്തിനു പോയിരിക്കയാണ്.

8-9-1951. തിരുവല്ല, കുടശനാട്. രാവിലെ പയ്യമ്പള്ളിൽ കത്തനാരും, ഏറാട്ടെ കത്തനാരും, സി. സി. ജോർജ് കത്തനാരും, തേവർവേലി കത്തനാരും വന്നിരുന്നു. ചാലക്കുഴി ചാക്കോച്ചൻ വന്ന് ചില സംഗതികളെപ്പറ്റി പറഞ്ഞു. മണലിൽ കത്തനാരും മറ്റും വന്നിട്ടുണ്ടായിരുന്നു. പത്തരമണിക്ക് കുടശ്ശനാട്ടേക്കു പുറപ്പെട്ടു. പന്തളത്ത് ചങ്കരത്തിൽ കത്തനാരുടെ പുതുതായി പണിയുന്ന പള്ളിയിൽ കയറി പണികൾ കണ്ടു. ഒരു മണിക്ക് ഇവിടെ എത്തി. വലിയ വീട്ടുകാരുടെ ചാപ്പലിൽ കയറിയശേഷം പള്ളിയിൽ വന്നു.

സന്ധ്യയോടുകൂടി ദാനിയേൽ കത്തനാരും ഈപ്പൻ ശെമ്മാശനും, വയലത്തലക്കാരൻ ഏബ്രഹാം ശെമ്മാശനും, കശ്ശീശാപട്ടം ഏൽക്കാനുള്ള സ്ലീബാദാസൻ ശെമ്മാശനും മറ്റും വന്നു. ദീവന്നാസ്യോസ് മെത്രാച്ചൻ വന്നിരുന്നു.

9-9-1951. കുടശ്ശനാട്. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ ഇവിടുത്തെ ശമുവേൽ ശെമ്മാശനും, സ്ലീബാദാസൻ സ്കറിയാ ശെമ്മാശനും കശ്ശീശാപട്ടം നൽകി. ശങ്കരത്തിൽ കത്തനാരും വന്നിട്ടുണ്ടായിരുന്നു. വലിയ ജനക്കൂട്ടം ശുശ്രൂഷയിൽ സംബന്ധിച്ചിരുന്നു. ഉച്ചകഴിഞ്ഞ് ചക്കിട്ടതടത്തിലെ അച്ചൻ വന്നിരുന്നു. ശമുവേൽ കത്തനാരെ അയാൾക്കു പകരം പണപിരിവു നടത്തുന്നതിനും മറ്റും നിയമിക്കണമെന്നാവശ്യപ്പെട്ടതനുസരിച്ച് കല്പന കൊടുത്തു. അട്ടച്ചാക്കലെ റമ്പാച്ചൻ തുമ്പമൺ നിന്നും ഇവിടെ വന്നിരുന്നു. നാലു മണിക്ക് ദാനിയേൽ കത്തനാരും ശെമ്മാശനും മറ്റും തിരിച്ചുപോയി.

സന്ധ്യയോടുകൂടി പത്തനംതിട്ട നിന്നും കോറെപ്പിസ്കോപ്പാ അച്ചനും, കുഴിയിലെ ജോർജുകുട്ടിയും, ഫീലിപ്പോസ് മുതലാളിയും മറ്റും വന്ന് പത്തനംതിട്ട കോളജ് അനുവദിച്ച വിവരം പറഞ്ഞു. അത് സമുദായം വക ആയിരിക്കണമെന്നും എല്ലാവരുമായി ആലോചിച്ചു വേണ്ടപോലെ ചെയ്യണമെന്നും മറ്റും നാം അവരോടു അറിയിച്ചു. അധികം താമസിയാതെ കോട്ടയത്തു വന്ന് ഇതേപ്പറ്റി ആലോചിക്കാമെന്നു പറഞ്ഞ് അവർ തിരിച്ചുപോയി.

10-9-1951. കുടശ്ശനാട്, തുമ്പമൺ. രാവിലെ കാപ്പി കഴിഞ്ഞ് തുമ്പമൺ പള്ളിയിലേക്കു തിരിച്ചു. പത്തര മണിക്ക് ഇവിടെ എത്തി. പോരുന്നവഴി കുടശ്ശനാട്ടു പള്ളി വക പൂഴിക്കാട്ടുള്ള സണ്ടേസ്കൂൾ കെട്ടിടത്തിൽ കയറി പ്രാർത്ഥന നടത്തി. കുറെ ആളുകൾ അവിടെ കൂടിയിരുന്നു. ശമുവേൽ കത്തനാരും നമ്മോടുകൂടി ഉണ്ടായിരുന്നു. ഇവിടെ വന്ന് ചക്കിട്ടുതടത്തിലെ അച്ചനും, തിരുവിനാൽ അച്ചനും വന്നിരുന്നു. ശമുവേൽ കത്തനാരെ ഇവിടെ പള്ളിയിൽ നിയമിക്കുന്ന സംഗതിയെപ്പറ്റി പറഞ്ഞു. ഇരുവർക്കും വളരെ താൽപര്യമാണെന്നു പറഞ്ഞു. സന്ധ്യയ്ക്കു കമ്മിറ്റിക്കാരെ വരുത്തി. കേസിന്റെ പണപ്പിരിവു കാര്യത്തെപ്പറ്റിയും, ശമുവേൽ കത്തനാർക്കു ഇവിടെ പ്രവേശനം കൊടുക്കുന്നതിനെപ്പറ്റിയും ആലോചിച്ചു. കമ്മിറ്റിക്കാരുടെയും അച്ചന്മാരുടെയും അഭിപ്രായപ്രകാരം മൂന്നിൽ ഒരു തവണ നടത്തുന്നതിന് തീരുമാനിച്ചു. പണപ്പിരിവിൽ വല്യച്ചന്മാരെ സഹായിക്കുന്നതിനു കൊച്ചച്ചനെ ഇടപാടു ചെയ്തു.

11-9-1951. തുമ്പമൺ, കറ്റാനം. രാവിലെ ചക്കിട്ടുതടത്തിലെ അച്ചനും തിരുവിനാൽ അച്ചനും ട്രസ്റ്റിയും മറ്റും വന്നു. ശമുവേൽ കത്തനാരെ അച്ചന്മാരുടെ സഹായിയായി നിയമിച്ചു കല്പന കൊടുത്തു. ഒമ്പതരയ്ക്കു കറ്റാനത്തു പള്ളിയിലേക്കു തിരിച്ചു. പത്തര മണിക്ക് ഇവിടെ എത്തി താമസിച്ചു. നാലു മണിക്കു ചെല്ലിന്തറ പരുമല സെമിനാരി വക നിലത്തിനടുത്ത് പണികഴിപ്പിച്ചിട്ടുള്ള കെട്ടിടം സന്ദർശിച്ച് കൂദാശ ചെയ്തു. പരുമല കത്തനാരും ഉണ്ടായിരുന്നു. മൂന്നര മണിക്കു തിരിച്ചുവന്നു. പരുമല കത്തനാർ പോയില്ല. രാത്രി ഇവിടെ താമസിച്ചു. ഡ്രൈവർ തോമസ് അവന്റെ സഹോദരിയുടെ മകളുടെ കല്യാണം പ്രമാണിച്ച് വീട്ടിൽ പോയി.

12-9-1951. കറ്റാനം. കായംകുളത്തെ കത്തനാർ വന്നിരുന്നു. പരുമല കത്തനാർ രാവിലെ പോയി.

13-9-1951. കോട്ടയം. ഉച്ചകഴിഞ്ഞ് ഈ പള്ളിയിലെ പൊതുയോഗം കൂടി കേസ്സിന്റെ പണപ്പിരിവിനെപ്പറ്റി ആലോചിച്ചു. ഓരോ ഭാഗത്തെയും പണം പിരിക്കുന്നതിന് ഓരോരുത്തരെ ചുമതലപ്പെടുത്തി. എല്ലാവരും പിരിച്ച് ഞാറാഴ്ച നമ്മെ ഏല്പിക്കാമെന്ന് സമ്മതിച്ചു.

14-9-1951. കറ്റാനം. രാവിലെ നാമും, ഹോറേബച്ചനും, കായംകുളത്തെ കത്തനാരും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. ഇവിടത്തെ കത്തനാരുടെ കുട്ടിയെ മാമോദീസാ മുക്കി. അച്ചന്മാർ ഉച്ചകഴിഞ്ഞു പോയി.

15-9-1951. കറ്റാനം. രാവിലെ തോമസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. കേസിനുള്ള പണപ്പിരിവ് ഊർജ്ജിതമായി നടത്തുന്നതിനും, നാളെ കുറെ പണം പിരിച്ച് നമ്മെ ഏല്പിക്കുന്നതിനും മറ്റുമായി ഇന്ന് പള്ളി കമ്മിറ്റി കൂടി. പറമ്പിൽ അച്ചനും ട്രസ്റ്റി ഉമ്മനും വന്നിരുന്നു.

16-9-1951. കറ്റാനം. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. പള്ളി നിറയെ ആളുകൾ ഉണ്ടായിരുന്നു. നാലു മണിക്ക് പള്ളിക്കാരുടെ ഒരു യോഗം കൂടി പണപിരിവിനെപ്പറ്റി ആലോചിച്ചു. നാം അവരോടു ചില ഗുണദോഷങ്ങൾ പറഞ്ഞു.

17-9-1951. കറ്റാനം, കോട്ടയം. രാവിലെ കാപ്പി കഴിഞ്ഞ് കോട്ടയത്തിന് തിരിച്ചു. വഴിമദ്ധ്യേ മുൻ കല്പന അയച്ചിരുന്നതനുസരിച്ച് പത്തിച്ചിറ പള്ളിയിൽ കയറി കമ്മിറ്റിക്കാരെയും വികാരിയെയും കണ്ടു പിരിവിനെപ്പറ്റി പറഞ്ഞു. കുറെ പണം അവിടെനിന്നും തന്നു. പത്തിച്ചിറ സ്കൂൾ സന്ദർശിച്ചു. അതിനുശേഷം മാവേലിക്കരയ്ക്കു പോയി. ഉച്ചമേശ കഴിഞ്ഞ് കോട്ടയത്തേക്കു തിരിച്ചു. സന്ധ്യയ്ക്ക് ഇവിടെ എത്തി. മാവേലിക്കരെ കുറിയാക്കോസ് റമ്പാച്ചൻ ഉണ്ടായിരുന്നു. ദാനിയേൽ കത്തനാരും ഓതറ മാത്യൂസ് കത്തനാരും ഇവിടെ താമസിച്ചുവരുന്നു.

18-9-1951. കോട്ടയം. രാവിലെ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന ചൊല്ലി. അതിനുശേഷം പാമ്പാടി മെത്രാച്ചനു സുഖമില്ലെന്നറിഞ്ഞതുകൊണ്ട് പാമ്പാടിക്കു പോയി മെത്രാച്ചനെ കണ്ടു. മെത്രാച്ചനു സുഖക്കേടിനു ആശ്വാസമുണ്ട്. ഓതറ കത്തനാരും ദാനിയേൽ കത്തനാരും നമ്മോടു കൂടെ വന്നിരുന്നു.

19-9-1951. കോട്ടയം. രാവിലെ ദാനിയേൽ കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. മാനേജരു കത്തനാർ എറണാകുളത്തിനു പോയി. ഫീലിപ്പോച്ചൻ ബോംബെയ്ക്കു പോകുന്നതിനെപ്പറ്റി അറിയുന്നതിനും മറ്റുമാണ് പോയത്. ശെമ്മാശനെ തിരുവല്ലായ്ക്കയച്ച് ആശാരിമാർക്ക് 25 രൂപാ കൊടുത്തു. യോഹന്നാൻ കത്തനാർ വന്നിരുന്നു.

20-9-1951. കോട്ടയം. രാവിലെ ഓതറ മാത്യൂസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. വട്ടക്കുന്നേൽ മത്തായി കത്തനാർ ഉച്ചകഴിഞ്ഞു വന്നു. റമ്പാൻ സ്ഥാനംകൊട പ്രമാണിച്ച് അച്ചന്മാരും ശെമ്മാശന്മാരും അയ്മേനികളുമായി അമ്പതിൽപരം ആളുകൾ വന്നു താമസിച്ചു. തീമോത്തിയോസ് മെത്രാച്ചൻ മൂവാറ്റുപുഴ നിന്നും വന്നു.

21-9-1951. കോട്ടയം. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ വട്ടക്കുന്നേൽ മത്തായി കത്തനാർക്കും, ഓതറ മാത്യൂസ് കത്തനാർക്കും, പി. ഇ. ദാനിയേൽ കത്തനാർക്കും റമ്പാൻ സ്ഥാനം നൽകി. അമ്പതിൽപരം വൈദികരും വളരെയധികം ജനങ്ങളും ഇതിൽ സംബന്ധിച്ചിരുന്നു. മാർ തീമോത്തിയോസ് മെത്രാച്ചനും ഉണ്ടായിരുന്നു. മെത്രാച്ചനും, ദാനിയേൽ റമ്പാനും, മാത്യൂസ് റമ്പാനും കൂടി പാമ്പാടി മെത്രാച്ചനെ കാണാൻ പോയശേഷം പത്തനംതിട്ടയ്ക്കു പോയി. വട്ടക്കുന്നേൽ റമ്പാൻ ഇവിടെ താമസിച്ചു.

22-9-1951. കോട്ടയം. രാവിലെ റമ്പാച്ചൻ വി. കുർബ്ബാന ചൊല്ലി. ഉച്ചയോടുകൂടി പത്രോസ് റമ്പാച്ചൻ വന്നിരുന്നു. റമ്പാച്ചന്റെ ഉത്തരേന്ത്യാ പര്യടനത്തെയും ചെങ്ങന്നൂർ വച്ചുള്ള വാർഷിക മീറ്റിംഗിനെയും മറ്റും പറ്റി പറഞ്ഞു. ഉച്ചകഴിഞ്ഞ് ചെങ്ങന്നൂർക്കു പോയി. മത്തായി റമ്പാൻ സന്ധ്യയോടു കൂടി കാരാപ്പുഴ ചാപ്പലിലേക്കു പോയി.

(തുടരും)



അമേരിക്കയിലെ നോർത്ത് കരോലിന സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് കരസ്ഥമാക്കിയ ജോർജ് വർഗീസ് പി. ജെ. കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് ഇടവകാംഗം പാലക്കുന്നേൽ ജിജി വർഗീസിന്റെയും സുമയുടെയും മകനാണ്.

സത്യവും വിശ്വസ്തതയും

ഡോ. യാക്കോബ് മാർ ഐറേനിയോസ്

ഈ കഥയിലെ അമ്മയും മകനും, തികച്ചും വ്യത്യസ്തരായി കാണപ്പെടുന്നു. ആയിരത്തൊരുനൂറു വെള്ളിപ്പണം മോഷ്ടിച്ച മകനും, ആ കളവ് സമ്മതിച്ച് ഏറ്റുപറയുന്ന മകനെ അനുഗ്രഹിക്കുന്ന അമ്മയും!

തെറ്റു ചെയ്യാതിരിക്കുന്നതു ഉത്തമം, തെറ്റു ചെയ്തിട്ട് മാനസ്സാന്തരപ്പെടുന്നത് അത്യുത്തമം. തെറ്റു ചെയ്യുന്നതും, അതു സമ്മതിച്ച് ഏറ്റു പറയാതിരിക്കുന്നതും അധമം. തെറ്റു ചെയ്യാത്ത മനുഷ്യൻ ചുരുങ്ങും. എന്നാൽ അനുതപിച്ച് മാനസ്സാന്തരപ്പെടുന്നവൻ വലിയ ഒരു മാതൃകയാണ്. സമൂഹത്തിനാകമാനം തെറ്റു തുടരെ ചെയ്യുകയും, അനുതപിക്കാതിരിക്കുകയും ചെയ്യുന്നവർ സമൂഹത്തിനു ബാധ്യത മാത്രമല്ല; അപകടവുമാണ്. ആദിമാതാപിതാക്കളുടെ അനുസരണക്കേടിന്റെ “വീഴ്ച”യുടെയും കഥയിൽ, അവർ രണ്ടു പേരും യഹോവയോടു മാപ്പു ചോദിക്കുന്നില്ല. തെറ്റു ചെയ്തു എന്നു സമ്മതിക്കുക മാത്രം ചെയ്യുന്നതായി കാണുന്നു. മീഖായാവിന്റെ കാര്യത്തിൽ സ്വന്ത മനസ്സാലെ കുറ്റബോധമുണ്ടായതിന്റെ വെളിച്ചത്തിൽ, അമ്മയുടെ അടുത്ത് പരപ്രേരണ കൂടാതെ ഏറ്റുപറയുകയാണ്. അമ്മയുടെ പ്രതികരണം, അത്യധികം ശ്രദ്ധേയമാണ്. കളവു നടത്തിയ മകനെ അമ്മ, അതിന്റെ പേരിൽ ശകാരിക്കുന്നില്ല; മറിച്ച് അനുഗ്രഹിക്കുന്നു! ഇവിടെ ദൈവത്തിന്റെ മനസ്സാണ് ഈ അമ്മയ്ക്ക്.

ആദാം തെറ്റു ചെയ്തു എന്നു സമ്മതിച്ചെങ്കിലും, അതിൽ അനുതാപം കാട്ടുന്നില്ല. ആ തെറ്റു ചെയ്യാൻ പ്രേരിപ്പിച്ചയാളിന് ഉത്തരവാദിത്തം കൈമാറുകയാണ്. ആദാം യഥാർത്ഥമായി അനുതപിച്ച് മാപ്പപേക്ഷിച്ചിരുന്നെങ്കിൽ .... അതു ഭാവനയിൽ കാണാനേ പറ്റു; കഥയുടെ ഗതി മാറിയേനേ! മീഖാവ് തന്റെ തെറ്റിന് മറ്റാരെയും പഴിചാരുന്നില്ല. അമ്മയും മകനുമായുള്ള വാത്സല്യബന്ധം ഇവിടെ സുദൃഢമാകുന്നു. യഹോവ അനുഗ്രഹിക്കുന്നത് ആരെ? എന്ന ചോദ്യത്തിനുത്തരമാണീ കഥ! മീഖായാവ് ഒഴിഞ്ഞുമാറുകയോ, വീണിടത്തു കിടന്നുരുളുകയോ, വിശദീകരണങ്ങൾ അവതരിപ്പിക്കുകയോ ചെയ്യുന്നില്ല എന്നത് എക്കാലത്തേക്കുമുള്ള ഒരു മാതൃകയാണ്.

ഇത് മനുഷ്യന്റെ കഥയാണ്. അനുതപിക്കുന്നതു ദാവീദു രാജാവായാലും പത്രോസ് ശ്ലീഹാ ആയാലും അത് ദൈവാനുഗ്രഹത്തിനു വഴിതെളിക്കും. മനുഷ്യരായ നമ്മളും നിത്യേന, ചെറുതും വലുതുമായ അധർമ്മങ്ങൾ ചെയ്തുകൂട്ടുന്നവരാണ്. ശിംശോന്റെ കണ്ണുനീരും, മുടിയനായ പുത്രന്റെ മനസുമാറ്റവും നമുക്കു വളരെ പാഠങ്ങൾ നൽകുന്ന നമ്മുടെ മനസമാധാനത്തിനും, ദൈവത്തിന്റെ പ്രീതിയ്ക്കും ഈ വഴി മാത്രമേയുള്ളു. ദൈവം സകല ഹൃദയങ്ങളെയും ശോധന ചെയ്യുന്നവനാണല്ലോ.



“എഫ്രയീം മലനാട്ടിൽ മീഖായാവ് എന്നു പേരുള്ള ഒരു പുരുഷൻ ഉണ്ടായിരുന്നു. അവൻ തന്റെ അമ്മയോടു: നിനക്കു കളവുപോയതും നീ ഒരു ശപഥം ചെയ്തു ഞാൻ കേൾക്കെ പറഞ്ഞതുമായ ആയിരത്തൊരുനൂറു വെള്ളിപ്പണം ഇതാ, എന്റെ പക്കൽ ഉണ്ടു; ഞാനാകുന്നു അതു എടുത്തതു എന്നു പറഞ്ഞു. എന്റെ മകനേ, നീ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവൻ എന്നു അവന്റെ അമ്മ പറഞ്ഞു”

(ന്യായാധിപന്മാർ 17:1–2)



Mrs. Sheena Abraham (St. Stephens Indian Orthodox Church, Kuwait) receiving the Farwania Regional Best Nurse Award on the occasion of the International Nurses Day Celebration.



പി. വി. ലിസമ്മയ്ക്ക് ഫ്ലോറൻസ് നൈറ്റിംഗേൽ ദേശീയ പുരസ്കാരം


ന്യൂഡൽഹി: കേന്ദ്ര ആരോഗ്യ മന്ത്രാലയം നൽകുന്ന അഭിമാനകരമായ ഫ്ലോറൻസ് നൈറ്റിംഗേൽ ദേശീയ പുരസ്കാരം മേജർ ജനറൽ പി. വി. ലിസമ്മയ്ക്ക്. ഇന്ത്യൻ മിലിട്ടറി നഴ്സിംഗ് സർവീസിന്റെ അഡീഷണൽ ഡയറക്ടർ ജനറലായി സേവനമനുഷ്ഠിക്കുന്ന അവർ, രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ വച്ച് രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്നും പുരസ്കാരം ഏറ്റുവാങ്ങി.

പുനലൂർ നെല്ലിപ്പള്ളി ബാബു മഹാലിൽ കേന്ദ്ര ഗവൺമെന്റ് നോട്ടറി അഡ്വ. ബാബു ജോണാണ് ഭർത്താവ്. മക്കൾ: പ്രിൻസ് ജോൺ ബാബു, അഡ്വ. പ്രിയ മറിയ ബാബു. പുനലൂർ വാളക്കോട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി ഇടവക അംഗമാണ്.

അപ്പോസ്തോലിക വിശ്വാസവും പ്രബോധനവും: മലങ്കര സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ

ഫാ. ജോബ് സാം മാത്യു

(ഓർത്തഡോക്സ് വൈദിക സെമിനാരി, കോട്ടയം)



സത്യവിശ്വാസം മുറുകെപ്പിടിക്കുകയും മലങ്കര ഓർത്തഡോക്സ് സഭയുടെ മാർത്തോമൻ പൈതൃകം നിലനിർത്താൻ പരിശ്രമിക്കുകയും ചെയ്ത പിതാക്കന്മാരാണ് നമുക്കുള്ളത്. പ്രബോധനങ്ങൾ, കൽപ്പനകൾ, ഗ്രന്ഥങ്ങൾ എന്നിവയിലൂടെ വിശ്വാസസത്യങ്ങൾ വിശ്വാസികൾക്ക് പകർന്നു നൽകാൻ അവർ എന്നും ജാഗ്രത പുലർത്തിയിരുന്നു. അവരുടെ ജീവിതവിശുദ്ധി ദർശിച്ച വിശ്വാസികൾ, ആ പിതാക്കന്മാർ കാത്തുസൂക്ഷിച്ച സത്യവിശ്വാസത്തെ ഹൃദയപൂർവ്വം ആശ്ലേഷിച്ചു. പോർച്ചുഗീസ്-റോമൻ കത്തോലിക്കാ അധിനിവേശം, പ്രൊട്ടസ്റ്റന്റ് നവീകരണം, കരിസ്മാറ്റിക്-പെന്തിക്കോസ്തൽ പ്രസ്ഥാനങ്ങൾ എന്നിവയുടെ ആപത്കരമായ കടന്നാക്രമണങ്ങളെ അവർ ശക്തമായി ചെറുത്തു.

സഭയുടെ ചട്ടക്കൂട്ടിനുള്ളിൽ വിശ്വാസികൾ സുരക്ഷിതരായി നിലനിൽക്കണമെന്ന് അവർ ആഗ്രഹിച്ചു. ഇതിനായി വൈദികരെ സജ്ജരാക്കുകയും, ഉണർവോടും ജാഗ്രതയോടും പ്രതിജ്ഞാബദ്ധതയോടും കൂടി ദൗത്യനിർവഹണത്തിൽ ഏർപ്പെടണമെന്ന് വൈദികസമൂഹത്തോട് ആഹ്വാനം ചെയ്യുകയും ചെയ്തു. വിശ്വാസതീക്ഷ്ണതയുള്ളവരും ധിഷണാശാലികളുമായ ഈ പിതാക്കന്മാർ വേദവിപരീതങ്ങൾക്കും വിഘടിത പ്രവർത്തനങ്ങൾക്കുമെതിരെ പോരാടി. സഭാശുശ്രൂഷയ്ക്ക് ഏറ്റവും അനുയോജ്യരായവരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി നിയോഗിക്കുകയും ചെയ്തു.

വിശ്വാസികൾ വിശുദ്ധ കുർബാനയ്ക്കും നമസ്കാരങ്ങൾക്കും ശരിയായ ഒരുക്കത്തോടു കൂടി വേണം കടന്നുവരാൻ എന്നും, തിരുവചനം വായിക്കുന്നതിനും പ്രബോധിപ്പിക്കുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും അവർ പഠിപ്പിച്ചു. മറ്റുള്ളവർക്ക് മുൻപിൽ ഉത്തമ സാക്ഷ്യം പുലർത്തുക എന്നതായിരുന്നു അവരുടെ പ്രധാന ഉപദേശം.

1892 കുംഭം 29-ന് പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി എഴുതിയ ഇടയലേഖനത്തിൽ ഇപ്രകാരം പറയുന്നു: 'അതുകൊണ്ട് തിരുസഭയുടെ ഭരണക്കാരും ഇടയന്മാരുമായ നമ്മുടെ കൂട്ടുവേലക്കാരും സഹോദരന്മാരും സഖികളുമേ, വരുവീൻ! കർത്താവിന്റെ വേലയ്ക്കായി വേഗം ഒരുങ്ങുവീൻ. റൂഹായ്ക്കടുത്ത യുദ്ധത്തിന് അടുത്ത സകല ആയുധങ്ങളും ധരിപ്പീൻ. ഹാ സഹോദരന്മാരെ, വരുവാൻ ഇരിക്കുന്ന ഭയങ്കരമായ ചോദ്യത്തേയും ന്യായവിധിയേയും പ്രതികാരത്തേയും ഓർത്തു ഭയപ്പെടുവീൻ'.

മലങ്കര സഭ നേരിടുന്ന പ്രതിസന്ധികളുടെ പ്രധാന കാരണത്തെക്കുറിച്ച് അതേ ദിവസം തന്നെ നിരണം പള്ളിയിൽ നിന്നും അയച്ച കല്പനയിൽ തിരുമേനി ഇപ്രകാരം വ്യക്തമാക്കുന്നു: 'പ്രിയമുള്ളവരെ, രക്ഷിതാവിന്റെ തിരുമണവാട്ടിയാകുന്ന കാതോലിക്കായ്ക്കും ശ്ലീഹായ്ക്കുമടുത്ത ഈ സഭയ്ക്കു ഏതൽക്കാലം നേരിട്ടുള്ള സകല ദോഷവും തിരുസഭയുടെ സത്യവിശ്വാസത്തേയും അതിനു അഴകായി ദൈവികത്താൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സഭാചട്ടത്തേയും ഇന്നതെന്നും അതിന്റെ സാരവും ഗ്രഹിക്കാതെ സഭയുടെ മക്കൾ തന്നെ എതിർത്തു നിൽക്കുന്നതിനാൽ മാത്രമല്ലാതെ മറ്റൊന്നുകൊണ്ടുമല്ലെന്നുള്ള നിർവ്വിവാദമായ കാര്യമാകുന്നു. '

ഈ കൽപ്പനയിൽ സഭ നേരിടുന്ന മറ്റൊരു വലിയ വെല്ലുവിളിയെക്കുറിച്ചും തിരുമേനി ചൂണ്ടിക്കാണിക്കുന്നുണ്ട്: '...പൂർവിക അപ്പോസ്തോല സഭയെന്നുള്ള ഒരു മഹത്വം നമുക്കുള്ളതിനാൽ അതിനെ ഘോഷിച്ചുകൊണ്ടു നടക്കുന്നതു മാത്രമല്ലാതെ അപ്പോസ്തോല സ്ഥാനത്തിനടുത്ത യാതൊരു വേലയും ഉപദേശവും നടത്താതെയും അതിനു അറിവും ശേഷിയുമില്ലാതെയും തീർന്നിരിക്കകൊണ്ടു നിർജ്ജീവാവസ്ഥയിൽ നാം ആയിരിക്കുന്നതു മാത്രമല്ല, എല്ലാ പള്ളികളിലും തമ്മിൽ തമ്മിൽ സമാധാനമില്ലാത്ത ജന്തുക്കളെപ്പോലെ കടിപിടികൂടി നശിച്ച് നശിച്ച് അശേഷം മേൽഗതിയില്ലാതെയും ഇതരസഭക്കാർക്കും മറ്റുള്ളവർക്കും ആക്ഷേപത്തിനും നിന്ദയ്ക്കും പാത്രിഭവിച്ചുമിരിക്കുന്നു.'

1895-ൽ യെരുശലേം യാത്ര കഴിഞ്ഞ് മടങ്ങിയെത്തിയ ശേഷം പരുമല പള്ളിയിൽ തിരുമേനി നടത്തിയ പ്രഭാഷണം വിശ്വപ്രസിദ്ധമാണ്. ക്രിസ്ത്യാനികൾ ശ്രദ്ധിക്കേണ്ട ആത്മീയവും ഭൗതികവുമായ മേഖലകളെ അദ്ദേഹം ഇതിൽ

സ്പർശിക്കുന്നു. സുവിശേഷീകരണം, ഉന്നതവിദ്യാഭ്യാസം, ധാർമ്മിക ജീവിതം, പ്രാർത്ഥന എന്നിവയെല്ലാം ഇതിൽ പ്രധാന വിഷയങ്ങളാണ്. ഒരു അപ്പോസ്തോലിക സഭ എന്ന നിലയിൽ മലങ്കര സഭ ഭാരതത്തിൽ നിർവഹിക്കേണ്ട ദൗത്യത്തെക്കുറിച്ചുള്ള തിരുമേനിയുടെ ദർശനം ഇതിൽ വ്യക്തമാണ്.

അപ്പോസ്തോലിക വിശ്വാസത്തിൽ ജീവിക്കുക എന്നത് 'കുരിശിന്റെ പാതയിലെ സഞ്ചാരമാണ്' എന്ന് പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി വിശേഷിപ്പിച്ചു. സ്ലീബാ പെരുന്നാളിൽ അദ്ദേഹം നടത്തിയ പ്രഭാഷണത്തിൽ കുരിശിനെ വിശേഷിപ്പിക്കുന്നത് നമ്മുടെ രക്ഷയുടെ മാർഗ്ഗം, വിനയത്തിന്റെയും ക്ഷമയുടെയും ലക്ഷ്യം, ജയത്തിന്റെ അടയാളവും കൊടിയും എന്നീ വിധമാണ്.

ഉയിർപ്പ് പെരുന്നാളിൽ നടത്തിയ പ്രസംഗത്തിൽ തിരുമേനി ഇപ്രകാരം പരാമർശിക്കുന്നു: 'വിശ്വാസത്തിൽ സംശയമുണ്ടാകരുത്. അവിശ്വാസം വന്നാൽ കർത്താവിൻറെ കൃപയിൽ ആശ്രയിക്കണം. അതുകൊണ്ടു നമുക്കു തന്റെ കൃപയിൽ വിശ്വസിക്കാം. താൻ നമുക്കുവേണ്ടി മരിച്ചു. ഉയിർത്തെഴുന്നേറ്റു. നാല്പതു ദിവസം ശിഷ്യന്മാർക്കു വെളിപ്പെട്ടു; ഉയിർപ്പിന്റെ ശക്തിയും വിശ്വാസവും അവർക്കു ഉറപ്പിച്ചുകൊടുത്തു. നാല്പതാം ദിവസം അവരുടെ മുമ്പാകെ വച്ചു സ്വർഗ്ഗാരോഹണം ചെയ്തു. നമുക്കുവേണ്ടി മദ്ധ്യസ്ഥത യാചിച്ചുകൊണ്ടു പിതാവിന്റെ വലതുഭാഗത്തു നിൽക്കുന്നു. മാത്രമല്ലാ, വീണ്ടും നമ്മെ ന്യായം വിധിപ്പാൻ വരുമെന്നു കൽപ്പിച്ചിരിക്കുന്നു.'

1923-ൽ മർദീനിലേക്ക് പുറപ്പെടുന്നതിന് മുൻപ് കുണ്ടറ സെമിനാരിയിൽ വച്ച് അദ്ദേഹം നടത്തിയ പ്രസംഗം സഭയുടെ അധികാരക്രമത്തെക്കുറിച്ചുള്ളതായിരുന്നു: "സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടുവളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്. പാത്രിയാർക്കീസിനോ മെത്രാപ്പോലീത്തന്മാർക്കോ അയ്മേനികൾക്കോ ഇച്ഛപോലെ എന്തും ചെയ്യുവാൻ വി. സഭയിൽ അധികാരമോ അവകാശമോ ഇല്ല."

1947-ലെ കൊത്തിനെ ഞായറാഴ്ച കോട്ടയം പഴയ സെമിനാരി ചാപ്പലിൽ വച്ച് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ നടത്തിയ പ്രസംഗത്തിൽ ഇപ്രകാരം പരാമർശിക്കുന്നു: 'വിശുദ്ധ പൗലോസിന്റെയും ശേഷം അപ്പോസ്തോലന്മാരുടെയും വിജയം, അവർക്കു കർത്താവിന്റെ ഇഷ്ടവും മനസ്സും അല്ലാതെ സ്വന്തമായി ഇഷ്ടവും മനസ്സും ഇല്ലാതിരുന്നതാണ്. ദൈവം ഇന്നലെയും ഇന്നും ഒരുപോലെ ആയിരിക്കുന്നവണ്ണം ദൈവത്തിന്റെ ഇഷ്ടത്തിനു വ്യത്യാസമില്ല. അതിനു കാലഭേദമോ സമയവ്യത്യാസമോ ഇല്ല. താൻ മാറ്റങ്ങൾക്കു വിധേയനല്ല. നമ്മുടെ ദൈനംദിന ജീവിതം ദൈവയിഷ്ടത്തിനു വിധേയമായിട്ടാണോ നയിക്കുന്നത് എന്നു ചിന്തിച്ചു നോക്കുക. ദൈവയിഷ്ടത്തിനുവേണ്ടി നിലകൊള്ളുമ്പോൾ ത്യാഗവും പീഡയും മരണവും സഹിക്കേണ്ടിവരും. എന്നാലും ദൈവയിഷ്ടമാകുന്ന ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യണം. അപ്പോൾ വിജയം സിദ്ധിക്കും.' യേശുക്രിസ്തുവിന്റെ ഹിതത്തിനനുസരിച്ച് അപ്പോസ്തോലന്മാർ ജീവിച്ച ശൈലി നാമും പിൻപറ്റണമെന്ന് ഇവിടെ ആഹ്വാനം ചെയ്യുന്നു.

1951 ജൂലൈ ഒന്നിന് പഴയ സെമിനാരിയിൽ ചെയ്ത പ്രസംഗം അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്: 'നമുക്ക് നമ്മുടെ സഭയുടെ സത്യവിശ്വാസവും നമ്മുടെ സ്തുതി ചൊവ്വാക്കപ്പെട്ട പിതാക്കന്മാർ ഭരമേൽപ്പിച്ചു തന്നിട്ടുള്ള ആചാരാനുഷ്ഠാനങ്ങളും പാലിച്ചുകൊണ്ടു മുമ്പോട്ടുപോകാം. വിശ്വാസ വിപരീതികളുടെ വലയിൽ വീഴാതിരിക്കാൻ നിങ്ങൾ സൂക്ഷിക്കണം. അതിനു ദൈവമായ കർത്താവു നമുക്കേവർക്കും സംഗതിയാകട്ടെ.'

ഇതേ ആശയം തന്നെ 1951-ലെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിൽ നടത്തിയ പ്രസംഗത്തിലും തിരുമേനി ആവർത്തിക്കുന്നുണ്ട്: 'നമ്മുടെ സഭയിലും അതിൻറെ വിശ്വാസത്തിലും ആരാധനയിലും അനുഷ്ഠാനങ്ങളിലും നമുക്കു നല്ല ഉറപ്പും ഭക്തിയും ഉണ്ടായിരിക്കണം.... എന്റെ സഭാ സത്യ സഭ എന്നുള്ള ബോധത്തോടും തീക്ഷ്ണതയോടും കൂടി, അതിന്റെ വളർച്ചയ്ക്കുവേണ്ടി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രവർത്തിക്കണം. അത് നാം എല്ലാവരുടെയും ചുമതലയാണ്. നമ്മുടെ മുമ്പുകടന്നു പോയിട്ടുള്ള പിതാക്കന്മാർ നല്ല സഭാസ്നേഹവും വൈരാഗ്യവുമുള്ളവരായിരുന്നു. അങ്ങനെയുള്ളവരുടെ സന്തതികളാണ് നിങ്ങൾ. എന്റെ സഭയ്ക്കുവേണ്ടി ഞാൻ ജീവൻകൂടിവയ്ക്കും എന്ന മനോഭാവം വേണം.'

വൈദികരും മേൽപ്പട്ടക്കാരും ദൈവഭക്തിയിലും സഭാനിയമങ്ങൾ പാലിക്കുന്നതിലും അതീവ ജാഗ്രത പുലർത്തണമെന്ന് പിതാക്കന്മാർ ഓർമ്മിപ്പിച്ചു. ദൈവമർമ്മങ്ങളുടെ കാര്യവിചാരകർ എന്ന നിലയിൽ അവർ സൂക്ഷ്മത പാലിക്കണം.

സഭയുടെ വിശ്വാസത്തിൽ നിന്നും ആചാരാനുഷ്ഠാനങ്ങളിൽ നിന്നും അണുവിട പോലും വ്യതിചലിക്കരുതെന്ന് തിരുമേനി നിരന്തരം ആഹ്വാനം ചെയ്തിരുന്നു. 1957-ൽ തിരുവല്ല തിരുമൂലപുരത്ത് നടന്ന ഓർത്തഡോക്സ് യുവജന മഹായോഗത്തിൽ അദ്ദേഹം ഇപ്രകാരം പ്രസംഗിച്ചു: 'സഭയിൽ നമ്മുടെ സ്വന്തം ഇഷ്ടത്തിനും യുക്തിക്കും അഭിപ്രായത്തിനും സ്ഥാനമില്ല. പിന്നെയോ എല്ലാ കാര്യങ്ങളിലും നാം സഭയെ അനുസരിക്കയത്രേ വേണ്ടത്. നമ്മുടെ കർത്താവ് കുരിശിലെ മരണത്തോളം അനുസരണമുള്ളവനായിരുന്നു. ... പിതാവിന്റെ ഇഷ്ടമല്ലാതെ വേറെ ഇഷ്ടം പുത്രനില്ല. പുത്രന്റെ ഇഷ്ടമാണ് സഭയുടെ ഇഷ്ടം. സഭയുടെ ഇഷ്ടത്തിനപ്പുറമായ ഒരിഷ്ടം നമുക്കു പാടില്ല. പിതാവിലും പുത്രനിലും പരിശുദ്ധറൂഹായിലും വിശ്വസിക്കുന്നവണ്ണം കാതോലിക്കായ്ക്കും ശ്ലീഹായിക്കുമടുത്ത ഏകസഭയിലും നാം വിശ്വസിക്കുന്നു. ഇത് നമ്മുടെ വിശ്വാസപ്രമാണമാണ്. അതിനാൽ സഭയെ പഠിപ്പിക്കയല്ല, സഭയെ കേൾക്കയത്രേ വേണ്ടത്.'

1956 ഫെബ്രുവരി 18-ന് പുറപ്പെടുവിച്ച നമ്പർ 45 കൽപ്പനയിലെ ഇപ്രകാരം പറയുന്നു: 'ഏറ്റവും വലിയ പാപം വിശ്വാസവിപരീതമാകുന്നു. നാം മാമ്മോദീസാ ഏൽക്കുമ്പോൾ മുതൽ അവസാനശ്വാസം വലിക്കുന്നത് വരെയും ദിവസന്തോറും പല സമയങ്ങളിൽ വിശ്വാസപ്രമാണം ചൊല്ലുന്നുണ്ട്. വിശ്വാസപ്രമാണം ഒരു പ്രാർത്ഥനയല്ല. നാം അതു ചൊല്ലി വിശ്വാസം ഏറ്റുപറയുകയാണ്. സത്യവിശ്വാസം ആർക്കും മാറ്റാവുന്നതല്ല. അതിൽ നിന്നും ആരും വ്യതിചലിക്കയുമരുത്. നമുക്ക് വിശ്വാസ വിപരീതികളുമായി ആത്മീകമായ സംബന്ധം ഉണ്ടാകാൻ പാടില്ല. വിശ്വാസ വിപരീതികളോടുകൂടി കലരുന്നതും അരിഷ്ടമായി അവരെ സ്നേഹിക്കുന്നതും ഏറ്റുപറയേണ്ട പാപങ്ങളാണെന്ന് എഴുതപ്പെട്ടിരിക്കുന്നു. ആകയാൽ നാം സൂക്ഷിക്കണം.... സഭ അനുവദിച്ചിരിക്കുന്നവരിൽ നിന്നല്ലാതെ അന്യന്മാരിൽ നിന്ന് വി. വേദം കേൾക്കുകയോ പഠിക്കുകയോ ചെയ്യരുതെന്നു നാം നിങ്ങളോട് ആജ്ഞാപിക്കുന്നു'.

'വിശുദ്ധ മതോപദേശ സത്യങ്ങൾ' എന്ന ഗ്രന്ഥത്തിൽ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ ഓർത്തഡോക്സ് സഭയുടെ വിശ്വാസം എപ്രകാരമാണെന്ന് വ്യാഖ്യാനിക്കുന്നു: 'നമ്മുടെ സഭ പഠിപ്പിക്കുന്ന മതോപദേശം പെന്തിക്കോസ്ത് ദിവസം സ്ഥാപിച്ച്, പരിശുദ്ധ സുന്നഹദോസുകളാൽ പൂർത്തീകരിച്ച്, മെസ്സി ഹായുടെ അധികൃത പ്രതിനിധികളാൽ പഠിപ്പിച്ചു പോരുന്നതാകുന്നു.'

ക്രിസ്തീയ പ്രബോധന ശുശ്രൂഷയ്ക്ക് ഒരുങ്ങുന്ന ഒരു മതോപദേശകന്റെ യോഗ്യതയെക്കുറിച്ചും ഇതിൽ വ്യക്തമാക്കുന്നുണ്ട്: 'അയാൾ ക്രിസ്തുവിന്റെ ശിഷ്യന്മാരെപ്പോലെ മുന്നമേതന്നെ, സ്വയം യോഗ്യനാക്കേണ്ടിയിരിക്കുന്നു. മതോപദേഷ്ടാക്കന്മാരായിത്തീർന്ന ക്രിസ്തുവിന്റെ ശിഷ്യന്മാർ, യോഹന്നാന്റെ അനുതാപപ്രസംഗം സശ്രദ്ധംകേട്ടു മാനസാന്തരപ്പെട്ട വരും അനന്തരം വിശുദ്ധിയിൽ ഒരുങ്ങിയ ഹൃദയത്തോടെ കർത്താവിൻറെ മർമ്മോപദേശങ്ങളെ ശ്രദ്ധിച്ചു ഗ്രഹിച്ചവരും തന്റെ അദ്ഭുത പ്രവർത്തികളെക്കണ്ടു വിശ്വാസസ്ഥിരത പ്രാപിച്ച വരും ഒടുവിൽ പെന്തിക്കോസ്തിയുടെ ആത്മാവിനെ ഒരുക്കത്തോടെ സ്വീകരിച്ച് ഉയരത്തിലെ ശക്തി പ്രാപിച്ചവരുമായിരുന്നു.'

വൈദികരും മേൽപ്പട്ടക്കാരും ദൈവഭക്തിയിലും സഭാനിയമങ്ങൾ പാലിക്കുന്നതിലും അതീവ ജാഗ്രത പുലർത്തണമെന്ന് പിതാക്കന്മാർ ഓർമ്മിപ്പിച്ചു. ദൈവമർമ്മങ്ങളുടെ കാര്യവിചാരകർ എന്ന നിലയിൽ അവർ സൂക്ഷ്മത പാലിക്കണം. ആത്മീയമായും ഭൗതികമായും വിശ്വാസികൾക്ക് മാർഗ്ഗദർശികളാകേണ്ട വൈദികർ, ലൗകിക തൃഷ്ണകളിൽ വീണ് തങ്ങളുടെ ഇടയശുശ്രൂഷ തളർത്തിക്കളയരുത്. പരിശുദ്ധ സഭയുടെ വിശ്വാസം, ആചാരം, നിയമങ്ങൾ എന്നിവയിൽ നിന്ന് അല്പം പോലും വ്യതിചലിക്കാതെ, ക്രിസ്തുവിന്റെ സ്ഥാനപതികളായ വൈദികർ തങ്ങളുടെ അപ്പോസ്തോലിക നിയോഗം വിസ്മരിക്കരുതെന്ന് മലങ്കരസഭാ പിതാക്കന്മാർ നിരന്തരം ഓർമ്മിപ്പിച്ചിരുന്നു. ❑

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

കന്യക മറിയാം സാമൂഹ്യ പശ്ചാത്തലം



സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)

ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെ ജീവിതം കുടുംബ പശ്ചാത്തലത്തിൽ മാത്രമല്ല, സാമൂഹ്യ പശ്ചാത്തലത്തിലും നിരവധി സവിശേഷതകൾ നിറഞ്ഞതാണ്. അവൾ ജീവിച്ചിരുന്ന കാലഘട്ടം ലളിതമായ ജീവിതരീതികളും ശക്തമായ മതആചാരങ്ങളും സമൂഹത്തിന്റെ അടിസ്ഥാനമായിരുന്ന ഒരു കാലമായിരുന്നു. യഹൂദ സമൂഹത്തിലെ നിയമങ്ങളും പതിവുകളും മനുഷ്യരുടെ ദിനചര്യയെ നിർണ്ണയിച്ചിരുന്നതുകൊണ്ട്, ഓരോ വ്യക്തിയുടെയും ജീവിതം മതവിശ്വാസത്തോട് ചേർന്ന് നിന്നിരുന്നു.

ആ കാലഘട്ടത്തിൽ സാമൂഹിക വ്യവസ്ഥകൾ വ്യക്തമായി വിഭജിക്കപ്പെട്ടിരുന്നു. സമ്പന്നരും സാധാരണക്കാരും തമ്മിൽ വലിയ വ്യത്യാസമുണ്ടായിരുന്നു, കൂടാതെ സ്ത്രീകൾക്ക് സമൂഹത്തിൽ പരിമിതമായ പങ്കും സ്വാതന്ത്ര്യവും മാത്രമേ ഉണ്ടായിരുന്നുള്ളു. കുടുംബജീവിതത്തിനുള്ളിൽ മാത്രമായി സ്ത്രീകളുടെ പങ്ക് ചുരുങ്ങിയിരുന്ന ഈ സാഹചര്യത്തിൽ, അവരുടെ കഴിവുകളും അഭിപ്രായങ്ങളും പൊതുവെ പ്രകടിപ്പിക്കാൻ അവസരങ്ങൾ കുറവായിരുന്നു.

എന്നാൽ ഈ പരിമിതികളുള്ള സമൂഹത്തിൽ ജീവിച്ചിരുന്ന മറിയാം, തന്റെ വിശ്വാസവും വിനയവും കൊണ്ട് അതിനെ അതിജീവിച്ച വ്യക്തിയാണ്. അവൾ സമൂഹത്തിലെ ഉയർന്ന സ്ഥാനമോ അധികാരമോ ഇല്ലാത്ത ഒരു സാധാരണ യുവതിയായിരുന്നെങ്കിലും, ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ച ജീവിതം നയിച്ചു. അവളുടെ വിനയവും ദൈവാനുസരണവും അവളെ മറ്റുള്ളവരിൽ നിന്ന് വേറിട്ടുനിർത്തി.

മറിയാമിന്റെ സാമൂഹ്യ ജീവിതം ദൈവവിശ്വാസത്തിന്റെ ശക്തിയെ വ്യക്തമായി കാണിച്ചുതരുന്നു. സമൂഹത്തിലെ വെല്ലുവിളികളും നിയന്ത്രണങ്ങളും ഉണ്ടായിരുന്നിട്ടും, അവൾ തന്റെ വിശ്വാസത്തിൽ ഉറച്ചു നിന്നു. ഈ ഉറച്ച വിശ്വാസവും സഹനശക്തിയും അവളെ ദൈവത്തിന്റെ മഹത്തായ പദ്ധതിയിൽ പ്രധാനപ്പെട്ട സ്ഥാനത്തേക്ക് ഉയർത്തി.

അതുകൊണ്ട്, മറിയാമിന്റെ സാമൂഹ്യ പശ്ചാത്തലം നമ്മെ പഠിപ്പിക്കുന്നത്, ജീവിതത്തിലെ സാഹചര്യങ്ങൾ എത്ര പരിമിതമായാലും ദൈവവിശ്വാസവും വിനയവും ഉള്ള ഒരാൾക്ക് മഹത്വത്തിലേക്ക് ഉയരാൻ കഴിയുമെന്ന് തന്നെയാണ്. ഇന്നും അവളുടെ ജീവിതം എല്ലാ മനുഷ്യർക്കും വിശ്വാസത്തിന്റെയും സഹനത്തിന്റെയും ലാളിത്യത്തിന്റെയും മഹത്വം ഓർമ്മപ്പെടുത്തുന്ന ഒരു ശക്തമായ ഉദാഹരണമായി നിലകൊള്ളുന്നു.

1. ജീവിത പശ്ചാത്തലം

ദൈവമാതാവായ വിശുദ്ധ കന്യക മറിയാം സമ്പന്നമായതോ സാമൂഹികമായി ശക്തിയുള്ളതോ ആയ കുടുംബത്തിൽ പെട്ട ഒരു യുവതിയല്ല. അവൾ വളർന്നത് ഒരു സാധാരണ യഹൂദ സമൂഹത്തിൽ, സാധാരണക്കാരായ ജനങ്ങളുടെ ഇടയിൽ, ലളിതവും കഠിനാധ്വാനവും നിറഞ്ഞ ജീവിതരീതികളിൽ പാടുപെട്ടു നിവസിച്ചിരുന്ന കാലഘട്ടത്തിലാണ്. ആ സമൂഹത്തിൽ സാധാരണ ജനങ്ങൾ പ്രതിദിന ഭക്ഷണവും താമസവും, തൊഴിലും, മതപരമായ ആചാരങ്ങളും കൈകാര്യം ചെയ്യാൻ നന്നേ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിരുന്നു, അതുപോലെ തന്നെ മറിയാമിനും ഈ സാഹചര്യങ്ങൾ നേരിടേണ്ടി വന്നു.

ഈ ലളിതമായ സാമൂഹിക പശ്ചാത്തലത്തിൽ വളർന്നതിലൂടെ, മറിയാമിന് മനുഷ്യജീവിതത്തിലെ സാധാരണ പ്രതിസന്ധികളും ബുദ്ധിമുട്ടുകളും വ്യക്തമായി അനുഭവിച്ചറിയാൻ കഴിഞ്ഞു. ഭാവനകളിലും ആഗ്രഹങ്ങളിലും തളർന്നു



പോകാതെ ജീവിതം നയിക്കാൻ അവൾ പഠിച്ചു. ഈ അനുഭവങ്ങൾ അവളിൽ സഹാനുഭൂതിയും, മറ്റുള്ളവരുടെ കഷ്ടപ്പാടും ദുരിതവും മനസ്സിലാക്കാനുള്ള കഴിവും വളർത്തി.

മറിയാമിന്റെ സമത്വം, ലാളിത്യം, കഠിനാധ്വാനത്തിലൂടെ നേടിയ ബുദ്ധി എന്നിവയാണ് അവളെ ഒരു സാധാരണ യുവതിയിൽ നിന്ന് ദൈവത്തിന്റെ മഹത്തായ പദ്ധതിയിൽ യോഗ്യയാക്കി മാറ്റിയത്. സമൂഹത്തിൽ സാധാരണ മനുഷ്യരുടെ ജീവിതത്തെക്കുറിച്ചുള്ള അവളുടെ ആഴത്തിലുള്ള ബോധവും, അവരുടെ വേവലാതികളെയും വെല്ലുവിളികളെയും മനസ്സിലാക്കാനുള്ള കഴിവും, പിന്നീട് ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെ ഭാഗമായി ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ മാതാവാകുവാൻ അവളെ തയ്യാറാക്കിയ പ്രധാന ഘടകങ്ങളാണ്.

ഇതുകൊണ്ടാണ്, മറിയാമിന്റെ സാമൂഹിക പശ്ചാത്തലം, സാധാരണ ജനങ്ങളുടെ ജീവിതത്തെ മനസ്സിലാക്കുന്ന, സഹാനുഭൂതി പുലർത്തുന്ന, ലളിതമായ സ്വഭാവമുള്ള ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നതിൽ നിർണായകമായ പങ്ക് വഹിച്ചു എന്ന് പറയുന്നത്.

2. സ്ത്രീകളുടെ പരിമിതമായ സ്ഥാനം

ദൈവമാതാവായ വിശുദ്ധ കന്യക മറിയാം ജീവിച്ചിരുന്ന കാലഘട്ടത്തിൽ, സ്ത്രീകൾക്ക് സമൂഹത്തിൽ പരിമിതമായ സ്വാതന്ത്ര്യവും അധികാരവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ സമൂഹത്തിലെ നിയമങ്ങളും ആചാരങ്ങളും സ്ത്രീകളുടെ ജീവിതത്തെ കെട്ടപ്പെട്ടതാക്കിയിരുന്നു. അവർക്ക് പൊതുസ്ഥലങ്ങളിൽ സ്വതന്ത്രമായി പ്രതികരിക്കാനുള്ള അവസരം കുറവായിരുന്നു, വിദ്യാഭ്യാസം ലഭിക്കാൻ പൂർണ്ണ അവസരം ഉണ്ടായിരുന്നില്ല, തങ്ങളുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും സാമൂഹിക അംഗീകാരമില്ലാതെ നിർവഹിക്കേണ്ടി വന്നിരുന്നു.

സ്ത്രീകൾക്ക് സമൂഹജീവിതത്തിൽ പങ്കുചേരാൻ പരിമിതികൾ ഉണ്ടായിരുന്നതിനാൽ, അവരുടെ വ്യക്തിപരമായ സ്വാതന്ത്ര്യം കുടുംബത്തിനുള്ളിലും വീട്ടിലെ ചുറ്റുപാടുകളിലേയ്ക്കും ചുരുങ്ങിയിരുന്നു. അത്തരം കുറവുകളെ അവൾ നേരിട്ടു, എന്നാൽ അവൾ ദൈവവിശ്വാസവും ആത്മീയതയും മുറുകെ പിടിച്ചു. ഒരു സ്ത്രീയുടെ ആത്മീയ മഹത്വം, അവരുടെ സാമൂഹിക അവകാശങ്ങളിലോ സാമൂഹിക സ്ഥാനത്തിലോ ആശ്രയിച്ചിരിക്കുന്നത് അല്ല, മറിച്ച് അവരുടെ വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും ശക്തിയിലാണെന്ന് മറിയാമിന്റെ ജീവിതം തെളിയിക്കുന്നു.

മറിയാം അവളുടെ പരിമിതമായ സാഹചര്യങ്ങൾ മറികടന്ന് ദൈവത്തിന്റെ കൃപയാൽ ഉയർന്ന ആത്മീയ സ്ഥാനത്തേക്ക് എത്തി. സ്ത്രീകളുടെ പരിമിതമായ സാമൂഹിക സ്ഥാനത്തെയും പരമ്പരാഗത നിയമങ്ങളെയും മറികടന്ന്, അവൾ ദൈവമാതാവ് എന്ന മഹത്വം കൈവരിച്ചു. ഇത് സ്ത്രീകളുടെ ആത്മീയ ശേഷി സമൂഹപരമായ നിയന്ത്രണങ്ങളേക്കാൾ ഉയർന്നതാണെന്ന് തെളിയിക്കുന്നു.

അതിനാൽ, മറിയത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, സ്ത്രീകളുടെ സാമൂഹ്യപരമായ പരിമിതികൾ അവരിൽ ആത്മീയ മഹത്വം കണ്ടെത്താനും, ദൈവത്തോടുള്ള വിശ്വാസത്തിലൂടെ വലിയ സ്ഥാനത്തേക്ക് ഉയരാനും തടസ്സമാകില്ല എന്നതാണ്. ഈ സന്ദേശം ഇന്നും എല്ലാ സ്ത്രീകൾക്കും പ്രചോദനമായാണ് നിലകൊള്ളുന്നത്.

3. മതപരമായ സമൂഹജീവിതം

ദൈവമാതാവായ വിശുദ്ധ കന്യക മറിയം ജീവിച്ചിരുന്ന കാലഘട്ടത്തിലെ യഹൂദ സമൂഹം മതപരമായ ആചാരങ്ങളും നിയമങ്ങളും കർശനമായി പാലിച്ചിരുന്ന ഒരു സമൂഹമായിരുന്നു. ആ സമയത്തെ മനുഷ്യരുടെ ദൈനംദിന ജീവിതം മതപരമായ ആചാരങ്ങളുമായി അടിയന്തിരമായി ബന്ധപ്പെട്ടിരുന്നത് സാധാരണമായ കാര്യമായിരുന്നു. പ്രാർത്ഥന, തിരുവചന പഠനങ്ങൾ, ദൈവാലയം സന്ദർശിക്കൽ, വിശുദ്ധ ഉത്സവങ്ങളിലും ആചാരങ്ങളിലും പങ്കെടുക്കൽ തുടങ്ങിയവ ദൈനംദിന ജീവിതത്തിന്റെ അനിവാര്യ ഘടകങ്ങളായിരുന്നു.

മറിയാമിന്റെ വളർച്ചയുടെ പശ്ചാത്തലത്തിൽ, മതപരമായ ഈ അന്തരീക്ഷം വളരെ വലിയ സ്വാധീനം ചെലുത്തി. കുടുംബവും സമുദായവും അവളെ ദൈവത്തോടുള്ള അനുരാഗത്തോടെയും ഭക്തിയോടെയും വളർത്തി. ഓരോ ദിവസവും പ്രാർത്ഥനയും ആരാധനയും അനുഭവിച്ചതിലൂടെ, അവളുടെ ഹൃദയത്തിൽ ദൈവവിശ്വാസം ആഴത്തിൽ വേരൂന്നി. മതപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും, അവളുടെ ചിന്തകളേയും പ്രവൃത്തികളേയും ദൈവത്തിന്റെ ആലോചനകൾക്കു് അനുയോജ്യമായ രീതിയിലേക്ക് വളർത്തി.

ഇത്തരത്തിലുള്ള മതപരമായ സാമൂഹ്യജീവിതം മറിയാമിന്റെ ആത്മീയ വളർച്ചയ്ക്കും അവളുടെ വിനയത്തിനും അടിസ്ഥാനം ആയി. ആ കാലത്തെ യഹൂദ സമൂഹത്തിൽ സ്ത്രീകൾക്കും യുവജനങ്ങൾക്കും സ്വാതന്ത്ര്യം വളരെ കുറവായിരുന്നു. അവർക്ക് തീരുമാനങ്ങൾ എടുക്കുന്നതിൽ പങ്ക് കുറവായിരുന്നു, സാമൂഹികമായി പല നിയന്ത്രണങ്ങളും ബാധകമായിരുന്നു. എന്നാൽ, ഈ നിയന്ത്രണങ്ങൾ എല്ലാം മനുഷ്യന്റെ വളർച്ചയ്ക്ക് തടസ്സമാകണമെന്നില്ല എന്നതാണ് മറിയാമിന്റെ ജീവിതം പഠിപ്പിക്കുന്നത്.

പുറത്തുള്ള സ്വാതന്ത്ര്യക്കുറവുണ്ടായിരുന്നാലും ഉള്ളിലെ ആത്മീയ സ്വാതന്ത്ര്യം അവൾ നേടിയിരുന്നു. അവൾ ദൈവത്തോടുള്ള ഭക്തിയും വിശ്വാസവും അനുസരണവും കൊണ്ട് തന്റെ ഉള്ളിൽ ഒരു മഹത്തായ വ്യക്തിത്വം രൂപപ്പെടുത്തി. അതായത്, സാഹചര്യങ്ങൾ പരിമിതമായാലും, മനസ്സിന്റെ ആഗ്രഹം ദൈവത്തോട് ചേർന്നാൽ ഒരു വ്യക്തിക്ക് മഹത്തായ ഗുണങ്ങളും വിശുദ്ധിയും കൈവരിക്കാൻ കഴിയും.

അതിനാൽ, മറിയത്തിന്റെ മതപരമായ സാമൂഹ്യജീവിതം നമ്മെ പഠിപ്പിക്കുന്നത്, പരമ്പരാഗത ആചാരങ്ങളും നിയമങ്ങളും മനുഷ്യന്റെ ആത്മീയ ജീവിതത്തെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ടെന്നും, മതപരമായ അന്തരീക്ഷത്തിൽ വളരുന്ന ഒരാൾക്ക് ദൈവത്തിന്റെ കൃപയാൽ വിശുദ്ധിയും മഹത്വവും നേടാൻ കഴിയും എന്നും വ്യക്തമാക്കുന്നു.

4. വിനയവും ലാളിത്യവും നിറഞ്ഞ ജീവിതശൈലി

ദൈവമാതാവായ വിശുദ്ധ കന്യക മറിയം ഒരു സാധാരണ യുവതിയായിരുന്നു. അവൾക്ക് വലിയ സമ്പത്തോ ഉയർന്ന സ്ഥാനമോ ഉണ്ടായിരുന്നില്ല. പക്ഷേ അവളുടെ ജീവിതം വിനയത്തിലും ലാളിത്യത്തിലും നിറഞ്ഞിരുന്നു. ദൈവത്തോടുള്ള ഭക്തിയും വിനയപൂർണ്ണമായ ഹൃദയവുമാണ് അവളെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തയാക്കിയത്.

ജീവിതത്തിൽ പല വെല്ലുവിളികളും ഉണ്ടായിരുന്നെങ്കിലും, മറിയാം ശാന്തതയോടെയും സഹനത്തോടെയും മുന്നോട്ട് പോയി. അവൾ ഈ സാഹചര്യങ്ങളിൽ ഭ്രമിച്ചുപോകുകയോ മറ്റുള്ളവരുടെ അഭിപ്രായങ്ങൾക്കനുസരിച്ച് മാറുകയോ ചെയ്തില്ല. അവളുടെ തീരുമാനങ്ങൾ പുറംലോകത്തിന്റെ സമ്മർദ്ദത്തെ അടിസ്ഥാനമാക്കിയായിരുന്നില്ല. ദൈവവിശ്വാസത്തിലും ആന്തരിക സമാധാനത്തിലും ഊന്നിയാണ് അവൾ പ്രവർത്തിച്ചത്. അവൾ ഒരിക്കലും അഹങ്കാരത്തിലും ആഡംബരത്തിലും ജീവിച്ചില്ല. പകരം, സ്നേഹത്തോടും വിനയത്തോടും കൂടിയാണ് അവൾ പ്രതികരിച്ചത്.

ഇതിനാൽ അവൾ സമൂഹത്തിൽ ശ്രദ്ധേയയായി. സാധാരണ വ്യക്തി ആയിരുന്നെങ്കിലും, അവളുടെ വിനയവും ലാളിത്യവും മറ്റുള്ളവർക്കു നല്ല മാതൃകയായി. ഈ സ്വഭാവം അവളെ വലിയ ദൈവിക ദൗത്യങ്ങൾക്ക് തയ്യാറാക്കി.

അതുകൊണ്ട്, മറിയാമിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, യഥാർത്ഥ ശക്തി ശബ്ദത്തിലോ പ്രദർശനത്തിലോ അല്ല, മറിച്ച് ശാന്തമായ സഹനത്തിലും സ്നേഹപൂർണമായ പ്രതികരണത്തിലും ആണെന്നതാണ്. അവളുടെ ഈ സുതാര്യമായ ജീവിതശൈലിയാണ്, മഹത്തായ ദൈവിക ദൗത്യങ്ങൾ നേരിടാൻ അവളെ മാനസികവും ആത്മീയവുമായ രീതിയിൽ തയ്യാറാക്കിയതും, പിന്നീട് ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ മാതാവാകാൻ അവളെ യോഗ്യയാക്കിയതും.വലിയവനാകാൻ സമ്പത്തോ ആഡംബരമോ വേണ്ട; മനസ്സിന്റെ ശുദ്ധിയും വിനയവും മതിയെന്നാണ്. ഇന്നും അവളുടെ ജീവിതം നമുക്ക് പ്രചോദനമാണ്.

5. സഹനവും വിശ്വാസവും

ദൈവമാതാവായ വിശുദ്ധ കന്യക മറിയാം ജീവിച്ചിരുന്ന കാലത്ത് സ്ത്രീകൾക്ക് നിരവധി നിയന്ത്രണങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു. സമൂഹം അവരുടെ ജീവിതത്തെ കർശനമായി നിരീക്ഷിക്കുകയും ചെറിയ കാര്യങ്ങൾ പോലും വിമർശിക്കുകയും ചെയ്തിരുന്നു. അത്തരമൊരു സാഹചര്യത്തിൽ ജീവിക്കുക എളുപ്പമായിരുന്നില്ല.

എന്നിരുന്നാലും, മറിയാം ദൈവത്തിൽ ഉറച്ച വിശ്വാസം പുലർത്തി. അവൾ നേരിട്ട ബുദ്ധിമുട്ടുകളും വിമർശനങ്ങളും അവളെ തളർത്തിയില്ല. പകരം, അവൾ കൂടുതൽ ധൈര്യത്തോടെയും ആത്മവിശ്വാസത്തോടെയും മുന്നോട്ട് നീങ്ങി. ദൈവത്തിന്റെ ഇഷ്ടം അനുസരിച്ച് ജീവിക്കാനുള്ള മറിയാമിന്റെ തീരുമാനങ്ങളും ദൈവവിശ്വാസത്തോടുള്ള സമർപ്പണവും അവളെ എല്ലാ പ്രതിസന്ധികളിലും ശക്തിയോടെ മുന്നോട്ട് നയിച്ചു.

മറിയത്തിന്റെ ജീവിതം നമ്മെ കാണിക്കുന്നത്, സമാധാനത്തോടെയും വിനയത്തോടെയും ദൈവത്തിൽ ഉറച്ച വിശ്വാസമുള്ള ഒരാൾക്ക് എത്ര വലിയ വെല്ലുവിളികളും പ്രയാസങ്ങളും കൈകാര്യം ചെയ്യാൻ കഴിയും എന്നതാണ്. അവളുടെ സഹനശക്തിയും ആത്മവിശ്വാസവും, അവളെ ദൈവത്തിന്റെ മഹത്തായ പദ്ധതിയിൽ പ്രധാന പങ്കുവഹിക്കുന്ന ഒരു വ്യക്തിയായി മാറ്റിയത്.

അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത്, എത്ര ബുദ്ധിമുട്ടുകൾ ഉണ്ടായാലും വിശ്വാസവും സഹനവും ഉണ്ടെങ്കിൽ നമുക്ക് അത് മറികടക്കാൻ കഴിയും എന്നതാണ്. മറിയാം ഇന്നും വിശ്വാസികൾക്ക് പ്രചോദനവും ശക്തിയും നൽകുന്ന ഒരു നല്ല മാതൃകയാണ്.

ദൈവമാതാവായ വിശുദ്ധ കന്യക മറിയത്തിന്റെ ജീവിതം ഒരു പ്രധാന സത്യം നമ്മെ പഠിപ്പിക്കുന്നു: ലളിതമായ സാഹചര്യങ്ങളിലായിരുന്നാലും

വലിയ ആത്മീയ മഹത്വം നേടാൻ കഴിയും. അവൾ ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു, സമൂഹത്തിൽ വലിയ സ്ഥാനമോ സ്വാതന്ത്ര്യമോ ഇല്ലാത്ത കാലഘട്ടത്തിലാണ് ജീവിച്ചത്. എന്നിരുന്നാലും, ഈ പരിമിതികൾ അവളുടെ ജീവിതത്തെ തടസ്സപ്പെടുത്തിയില്ല.

മറിയാമിന്റെ ശക്തി അവളുടെ ഉള്ളിലായിരുന്നു. ദൈവത്തിലുള്ള ഉറച്ച വിശ്വാസം, വിനയം, സഹനം, അനുസരണം എന്നീ ഗുണങ്ങളാണ് അവളെ ദൈവത്തിന്റെ പ്രത്യേക പദ്ധതിയുടെ ഭാഗമാക്കിയത്. യേശുക്രിസ്തുവിന്റെ മാതാവാകാനുള്ള ദൗത്യം അവൾ വിനയത്തോടെ സ്വീകരിച്ചു, അതിലൂടെ അവൾ ലോകചരിത്രത്തിൽ അപൂർവമായ സ്ഥാനത്തെത്തി.

ഇത് നമ്മെ പഠിപ്പിക്കുന്നത്, മനുഷ്യന്റെ മഹത്വം ധനസമ്പത്തിലോ സാമൂഹിക സ്ഥാനത്തിലോ അല്ല, മറിച്ച് ഹൃദയത്തിന്റെ ശുദ്ധിയിലും ദൈവവിശ്വാസത്തിലും ആണെന്നതാണ്. വിശ്വാസത്തോടും ആത്മാർത്ഥതയോടും ജീവിച്ചാൽ ഒരു സാധാരണ വ്യക്തിക്കും വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയും,

ഇന്നും മറിയത്തിന്റെ ജീവിതം എല്ലാവർക്കും ഒരു പ്രചോദനമാണ്. ജീവിതത്തിൽ പ്രശ്നങ്ങളും പരിമിതികളും വന്നാലും, അവയെ ഭയപ്പെടാതെ വിശ്വാസത്തോടെയും വിനയത്തോടെയും മുന്നോട്ട് പോകണം എന്ന സന്ദേശമാണ് അവൾ നൽകുന്നത്. അതിനാൽ, നമ്മുടെ ജീവിതത്തിലും മറിയാമിനെ മാതൃകയാക്കി, ലളിതത്വം, വിനയം, വിശ്വാസം എന്നിവ പാലിച്ചാൽ, നമുക്കും നമ്മുടെ ജീവിതത്തിൽ അർത്ഥവത്തായ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയും. അവളുടെ മഹത്വം നമ്മെ പഠിപ്പിക്കുന്നത്, ജീവിതത്തിലെ വെല്ലുവിളികളും പരിമിതികളും പ്രശ്നങ്ങളായി കാണാതെ, വിശ്വാസത്തോടെയും മനസ്സിന്റെ ശുദ്ധിയോടെയും, വിനയത്തോടെയും മുന്നോട്ട് പോവുമ്പോൾ എത്ര വലിയ സ്വാധീനം മനുഷ്യൻ സൃഷ്ടിക്കാനാകും എന്നതാണ്.

❑



ബാംഗ്ലൂർ നാംസ് സ്നേഹഭവൻ പുതിയ ബ്ലോക്ക് കൂദാശ ചെയ്തു.



ഇന്ത്യയിലെ പ്രശസ്തമായ ഡൽഹി സെന്റ് സ്റ്റീഫൻസ് കോളേജിന്റെ ആദ്യ വനിതാ പ്രിൻസിപ്പലായി നിയമിതയായ പ്രൊഫ. സൂസൻ ഏലിയാസിനെ മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പീലക്സിനോസ് അനുമോദിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. തോമസ് ഐസക്, ചെന്നൈ ബ്രോഡ്വേ കത്തീഡ്രൽ വികാരി ഫാ. സ്റ്റാലിൻ ടി എഫ്, പ്രൊഫ. സൂസൻ ഏലിയാസിന്റെ ഭർത്താവ് ഏലിയാസ് കോശി എന്നിവർ സമീപം. മദ്രാസ് ഭദ്രാസനത്തിലെ ചെന്നൈ അണ്ണാ നഗറിലുള്ള കോയമ്പേട്, സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് ഇടവക അംഗമാണ്.




ഷിയോ മൂന്നാമൻ പുതിയ ജോർജിയൻ കാതോലിക്കാ

ജോർജിയൻ ഓർത്തഡോക്സ് സഭയുടെ 142-ാമത്തെ കാതോലിക്കോസ് ആയി പരിശുദ്ധ ഷിയോ മൂന്നാമൻ (57) സ്ഥാനാരോഹണം ചെയ്തു. മാർച്ച് 17-നു കാലം ചെയ്ത പരിശുദ്ധ ഇലിയാ രണ്ടാമൻ കാതോലിക്കോസിന്റെ പിൻഗാമിയാണ്.

1969-ൽ ജനിച്ച എലിസ്ബാർ മുജിറി 1993ൽ ഷിയോ എന്ന പേരിൽ സന്യാസം സ്വീകരിച്ചു. 2003-ൽ മെത്രാനും 2010ൽ മെത്രാപ്പോലീത്തായും ആയി. മുൻഗാമിയുടെ അനാരോഗ്യം കാരണം 2017 മുതൽ സഭയുടെ താൽക്കാലിക ചുമതലയും അദ്ദേഹം കാലം ചെയ്തതിനെ തുടർന്ന് സഭാതലവന്റെ ചുമതലയും നിർവഹിച്ചു വരികയായിരുന്നു.

ജോർജിയായിലെ 40 ലക്ഷം വരുന്ന ജനങ്ങളിൽ 83% ബൈസന്റയിൻ സഭാകുടുംബത്തിൽപെടുന്ന ജോർജിയൻ ഓർത്തഡോക്സ് സഭാംഗങ്ങളാണ്. മലങ്കര - ജോർജിയൻ സഭകൾ തമ്മിലുള്ള ബന്ധത്തിന് പതിറ്റാണ്ടുകളുടെ ദൈർഘ്യമുണ്ട്. 1982 സെപ്റ്റംബറിൽ കാതോലിക്കേറ്റ് സപ്തതിയാഘോഷത്തിന്റെ മുഖ്യാതിഥിയായി പങ്കെടുക്കാൻ ഇലിയാ രണ്ടാമൻ കാതോലിക്കാ മലങ്കരസഭ സന്ദർശിച്ചു.

400 വർഷം മുൻപ് രക്തസാക്ഷിത്വം വരിച്ച ജോർജിയയിലെ വിശുദ്ധ കെറ്റവൻ രാജ്ഞിയുടെ തിരുശേഷിപ്പ് ഗോവയിൽ നിന്ന് കണ്ടെത്തിയത് 2021-ൽ ഇന്ത്യ ജോർജിയയ്ക്കു കൈമാറിയ സംഭവം ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി.



“Holy Qurbana: The Queen of Sacraments Seen through the eyes of little Mariam” was officially released at the Gregorian Community, Roha today after evening prayer by Geevarghese Mar Coorilose Metropolitan and in the presence of other blessed clergy members.

വചനതീർത്ഥം

പെന്തിക്കോസ്തിക്ക് മുൻപുള്ള ഞായർ

(യോഹന്നാൻ 17:13-26)



ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്

(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)



തന്റെ മനുഷ്യാവതാര കാലത്ത് പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ക്രിസ്തുവിനെ സുവിശേഷങ്ങളിൽ നാം ധാരാളമായി കാണുന്നുണ്ട്. എന്നാൽ വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ യേശുക്രിസ്തുവിന്റെ മഹാപുരോഹിത പ്രാർത്ഥന നാം വായിക്കുമ്പോൾ മനുഷ്യാവതാര പ്രവർത്തനം മൂലം ലോകത്തിനു സാധ്യമാകേണ്ട അനുഭവങ്ങളെ ചൊല്ലി പിതാവിനോട് പ്രാർത്ഥിക്കുന്ന ക്രിസ്തുവിനെയാണ് നാം കാണുന്നത്. മഹാപുരോഹിത പ്രാർത്ഥനയെ കേവലം ചരിത്രപരമായ ഒരു പ്രാർത്ഥനയായി മാത്രമല്ല നാം കാണേണ്ടത്. എക്കാലത്തും പ്രസക്തമായ ലോകത്തിനു വേണ്ടിയുള്ള മധ്യസ്ഥതയായി വേണം ഈ പ്രാർത്ഥനയെ നാം മനസ്സിലാക്കുവാൻ.

ലോകത്തിൽ ദൈവീക ആനന്ദം നിറയുവാനുള്ള പ്രാർത്ഥന(17:13)

ലോകമെന്ന വാക്കിനെ സാധാരണ അടയാളപ്പെടുത്തുന്നത് ദുരിതവും സങ്കടവും തിന്മയും ഉള്ള ഒന്നായാണ്. തന്റെ പിതാവുമായി ഉള്ള ബന്ധത്തിൽ പുത്രന് ലഭിക്കുന്ന ആനന്ദം അതേ ബന്ധം വഴിയായി ലോകത്തിനും ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന കർത്താവിനെയാണ് നാം ഇവിടെ കാണുന്നത്. ഏതെങ്കിലും ഭൗതികമായ സന്തോഷത്തെ അല്ല ഇവിടെ സൂചിപ്പിക്കുന്നത് പിന്നെയോ ദൈവികരണം എന്ന് പരമമായ അവസ്ഥയിലൂടെ പ്രാപ്യമാകുന്ന ആനന്ദത്തെ ലോകത്തിൽ വച്ച് തന്നെ രുചിച്ചറിയുവാനുള്ള ഒരു പ്രാർത്ഥനയാണത്.

തിൻമയിൽ അകപ്പെടാതെ കാത്തു കൊള്ളുവാനുള്ള പ്രാർഥന (17:15)

ലോകത്തിൽ തിന്മയുണ്ടെങ്കിലും ആ തിന്മയോട് ഇടകലരാതെ തന്നിൽ വിശ്വസിക്കുന്നവൻ ജീവിക്കണമെന്ന അദമ്യമായ ആഗ്രഹമാണ് ഈ പ്രാർത്ഥന. കർതൃ പ്രാർത്ഥനയിലും 'ദുഷ്ടനിൽ നിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമേ' എന്ന് പ്രാർത്ഥിക്കുമ്പോൾ അടിവരയിടുന്നത് ഇതേ ആശയമാണ് ലോകത്തിന് അനുരൂപരാകാതെ ലോകത്തെ രൂപാന്തരപ്പെടുത്തുവാൻ വിശ്വാസിക്ക് സാധ്യമാകണം എന്നുള്ളതാണ് ഇതിൻറെ കാതൽ.

സത്യത്താൽ ലോകത്തെ വിശുദ്ധീകരിക്കുവാനുള്ള പ്രാർഥന(17:17)

വിശുദ്ധീകരണം എന്ന അനുഭവത്തിലേക്ക് ലോകത്തെ നയിക്കുവാൻ ആണ് മഹാപുരോഹിത പ്രാർത്ഥനയിൽ കർത്താവ് ആഗ്രഹിക്കുന്നത്. അത് സാധ്യമാകുന്നത് സത്യത്തെ മുറുകെ പിടിച്ചു കൊണ്ടാകണം എന്ന ബോധ്യമാണ് ഈ പ്രാർത്ഥനയുടെ അന്തസത്ത. ലോകം സത്യത്തിന്റെ പക്ഷം ചേരുകയാണെങ്കിൽ അത് സ്വാഭാവികമായ വിശുദ്ധിയിലേക്ക് നയിക്കപ്പെടുമെന്ന് ഈ പ്രാർത്ഥന നമ്മെ ഓർമ്മപ്പെടുത്തുന്നു. സത്യാനന്തര കാലം എന്ന് നാം വിശേഷിപ്പിക്കുന്ന ഇന്ന് സത്യം കൊണ്ട് ലോകത്തെ പരിവർത്തനപ്പെടുത്തുവാനുള്ള ആഹ്വാനമാണ് ഇവിടെ നാം കാണുന്നത്.

പിതാവുമായി ഒന്നായി തീരുവാൻ ഉള്ള പ്രാർത്ഥന (17:23)

ദൈവത്തിൻറെ സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മാനവ ജാതി ദൈവത്തോടൊപ്പം ആയിരുന്ന അവസ്ഥയിൽ നിന്ന് തങ്ങളുടെ പാപം കൊണ്ട് വേർപെട്ടു പോയി. മനുഷ്യാവതാരത്തിന്റെ പരമമായ ലക്ഷ്യം അകന്നുപോയ ദൈവ മനുഷ്യബന്ധത്തെ കൂട്ടിച്ചേർക്കുക എന്നതാണ്. മഹാപുരോഹിത പ്രാർത്ഥനയിൽ നിഴലിച്ചു കാണുന്ന ഭാവം ഇതുതന്നെയാണ്. പിതാവും പുത്രനും ഒന്നായിരിക്കുന്നത് പോലെ അവനിൽ വിശ്വസിക്കുന്നവരും പിതാവിനോട് ഒന്നായിത്തീരണമേ എന്നുള്ള ആഴമേറിയ പ്രാർത്ഥനയാണ് ഇവിടെ നാം കാണുന്നത്. ഈ ഒന്നായിത്തീരലിന് കർത്താവ് നൽകിയ കൽപ്പനകളുടെ പൂർണമായ ആചരണവും പിന്തുടർച്ചയും ഈ വേദഭാഗം നമ്മോട് ആവശ്യപ്പെടുന്നുണ്ട്.

❑



കേരള സർവകലാശാലയ്ക്ക് കീഴിലുള്ള തിരുവനന്തപുരം ലോയോള കോളേജ് ഓഫ് സോഷ്യൽ സയൻസസിൽ നിന്ന് സോഷ്യൽ വർക്കിൽ പ്രവീൺ വർഗീസ് തോമസിന് ഡോക്ടറേറ്റ് ലഭിച്ചു. 2015-ൽ കോമൺവെൽത്തിലും 2017-ൽ ബ്രിക്സിലും ഇന്ത്യൻ യുവതയെ പ്രതിനിധീകരിച്ചിട്ടുണ്ട്. സമത്വ ഫൗണ്ടേഷൻ ഫോർ ന്യൂറോ ഡെവലപ്മെന്റ് ആൻഡ് ഫാമിലി വെൽനെസിന്റെ ഡയറക്ടറാണ്.


പിതാവ് സി. സി. തോമസ്, മാതാവ് പൊന്നമ്മ തോമസ്. ഭാര്യ ജെറിൻ ത്രേസാ ജോസ്. മകൾ ഹേസൽ. നിരണം സെന്റ് മേരീസ് പള്ളി ഇടവക അംഗമാണ്.

Church Calendar

Love One Another

Sunday before Pentecost

(St. John 13:31-36)



Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

Before the Feast of Passover, Lord Jesus calls all His disciples together. On previous occasions, He had said, "The time has not yet come." But now, He says, "The time has arrived." He loved them to the ultimate peak of love until the very end. Even as death approached, Christ's thoughts were not about Himself. Even while hanging on the Cross, His thoughts were for His disciples, those who crucified Him, the thieves crucified alongside Him, and His mother. He is truly God. His period of incarnation was coming to an end. At this moment, He endeavours to teach His disciples the ideal of love and humility through action.

No matter how high a person's status, they must be ready for anything for the sake of their friends. The responsibility of those at the top is to serve those below them. A dispute arose among the disciples as to "who among them was the greatest" (St. Luke 22:24). During the meal, they exhibited a competitive spirit regarding who would perform the necessary service. Washing the feet of a guest was the responsibility of those arranging the feast. However, fearing that doing such a job might make them appear the lowest in the group, no one was prepared for it.

Then, the Lord Himself washes the feet of all of them. After the Passover meal according to the Law (St. Matthew 26:26), the Lord rose, removed His outer garment, wrapped a towel around His waist, took water in a basin, and like a true servant, washed everyone's feet. Although this act of the Lord caused all the disciples to feel repentance regarding their ambition for status, it created no movement in the heart of Judas Iscariot alone. Knowing this beforehand, the Lord's spirit of forgiveness in acting this way is truly wonderful.

Through this, the Lord gives a message that service must be performed for others without looking at their merit. In any organization, and especially in the Christian Church, the responsibility of those in high positions is not to decide "who is the greatest," but rather to perform service through love.

Love One Another

"I give you a new commandment: that you love one another. Just as I have loved you, you also should love one another. By this, everyone will know that you are my disciples, if you have love for one another." Here, Christ reminds us of the nature of His love for humanity and that, in the same model, man must love others. In the Old Testament commandments, love held a great place. The Lord teaches that the Ten Commandments are summarized in loving God and one's fellow creations. Therefore, this is not merely a new commandment; it is a continuation of the old. After the first Passover according to the Old Covenant, the Ten Commandments were given to Moses on Mount Sinai. Here, the Lord observed and concluded that Old Testament Passover and initiated the New Testament by instituting the Holy Qurbana. Following that, He gives the most supreme commandment of the New Testament: Love.

How can this love be expressed? A master performing the service of washing the feet of his own disciples like a servant; sacrificing one's life even for enemies, by demonstrating these two great ideals through action, He says this is the standard of discipleship. "Whoever claims to love God yet hates a brother or sister is a liar. For whoever does not love their brother and sister, whom they have seen, cannot love God, whom they have not seen. And he has given us this command: Anyone who loves God must also love their brother and sister" (1 John 4:20). However, if anyone has material possessions in this world and sees a brother or sister in need but has no pity on them, how can the love of God be in that person? (1 John 3:16, 17). Let us love not with words or speech but with actions and in truth. Therefore, we must be able to live according to the divine commandment "Love one another".

We have celebrated the Feast of the Ascension. Ascension is, as we know, the fortieth day after the Feast of the Resurrection. The tenth day after the Ascension is Pentecost. The Church considers the ten days from the Ascension to Pentecost as days of waiting. There is a difference between the waiting of the Apostolic community then and the waiting of the Church today. Then, they waited to receive the Holy Spirit which had not yet been given. Today, however, we wait for the "fullness" of the Spirit that has already been received. Today, we remain carnal. We have not risen spiritually. Today, we have no sense of sin. We exist in self-justification and self-praise. We are pampering many loathsome things by dressing them in a veil of respectability. Many things that should be hated are being accepted as standards of dignity. "When the Holy Spirit comes, He will prove the world to be in the wrong about sin and righteousness and judgment" (St. John 16:8). The Spirit helps us in our weakness. The Spirit intercedes before the Holy Presence for God's people in accordance with His will (Romans 8:2). The remedy for this is nothing other than the fullness of the Holy Spirit.

How can we attain the fullness of the Holy Spirit?

A) The heart must be upright:

"You have no part or share in this matter, because your heart is not right before God" (Acts 8:21). Simon, a sorcerer in Samaria, repented, was baptized, and became a member of the Church. When he saw miracles being performed through the Apostles, he desired to obtain the power of the Holy Spirit. When he said he was ready to pay any price to attain it, Peter spoke the words quoted above. King David prays: "Create in me a pure heart, O God, and renew a steadfast spirit within me" (Psalm 51:10). "Repent and be baptized, every one of you, in the name of Jesus Christ for the forgiveness of your sins. And you will receive the gift of the Holy Spirit" (Acts 2:38).

B) Must wait and pray:

The Spirit is a precious gift from God. We must receive it by petitioning God. The Apostolic community, according to the Lord's command, did not depart from Jerusalem but continued to pray in one spirit and with one mind. Thus, it was the community that remained devoted to prayer that received the gift of the Holy Spirit on Pentecost.

C) Must obey God's commandments:

"We are witnesses of these things, and so is the Holy Spirit, whom God has given to those who obey him" (Acts 5:32). Those who do not obey God's statutes will not receive the Spirit. The Son was perfectly obedient to the Father. Therefore, He fulfilled His mission as one filled with the Spirit.

In this period of waiting, let us wait and pray with upright hearts, obeying God's commandments for the renewal of the Holy Spirit. ❑

മറുപുറം

നൂൽപ്പാവാടയുടെ മറവിൽ

ഫാ. അജീഷ് ബാബു

വസ്ത്രവിവരണമല്ല, ഒരു സാമൂഹിക ഭൂപടമാണ്. വി. ലൂക്കോസ് 16:19-ലെ പർപ്പിൾയും നൂൽപ്പാവാടയും എന്ന ദ്വയം, ധനവാന്റെ ശരീരത്തിൽ പൊതിഞ്ഞിരിക്കുന്ന ഒരു അധികാര ഭാഷയാണ്. നൂൽപ്പാവാട സാധാരണ വസ്ത്രമല്ല. പുരാതന ലോകത്ത് ഇത് സൂക്ഷ്മമായി നെയ്ത, വിലകൂടിയ, അധികാരത്തിനും ആഡംബരത്തിനും അടയാളമായ ഒരു വസ്ത്രമായിരുന്നു. പലപ്പോഴും രാജധാനിയുടെയും യാജകശ്രേണിയുടെയും പരിധിയിൽ മാത്രം കാണപ്പെട്ടത്. അതിനാൽ, ധനവാൻ ധരിക്കുന്ന ഈ നൂൽപ്പാവാട, അവന്റെ ശരീരം മൂടുന്നതിലും കൂടുതൽ, അവന്റെ സ്ഥാനം, ശുദ്ധി, പ്രത്യേകാവകാശം എന്നിവയെ പ്രഖ്യാപിക്കുന്നു. "പർപ്പിൾയും നൂൽപ്പാവാടയും" ധരിച്ച ധനവാൻ, ഇത് വെറും ആഡംബരമല്ല; ഒരു സാമ്പത്തിക-മതപര അധികാര വ്യവസ്ഥയുടെ ദൃശ്യരൂപം ആണ്. അതിന്റെ പശ്ചാത്തലത്തിൽ, യേശുക്രിസ്തു ജീവിച്ചിരുന്ന വസ്ത്രലോകം പൂർണമായും വേറിട്ട ഒരു ലോകമാണ്.

പർപ്പിൾ:

ഫീനീഷ്യൻ തീരങ്ങളിൽ നിന്നുള്ള അപൂർവ ഡൈ; രാജാക്കന്മാർക്കും ഉന്നതർക്കുമുള്ള ചിഹ്നം.

നൂൽപ്പാവാട (ഫൈൻ ലിനൻ):

ഉയർന്ന നിലവാരമുള്ള നെയ്ത്ത്; ക്ഷേത്ര-രാജധാനി സംസ്കാരവുമായി ബന്ധമുള്ളത്.

ഇവ ഒരുമിച്ച് ധരിക്കുന്നത്, ഒരു വ്യക്തിയുടെ സമ്പത്ത് + സ്ഥാനം + മതപര അടുപ്പം എന്നീ മൂന്നു അളവുകളും ഒരുമിച്ച് പ്രദർശിപ്പിക്കുന്നു. അതായത്, ധനവാൻ തന്റെ ശരീരത്തെ ഒരു പ്രദർശന വേദി ആക്കുന്നു. അവന്റെ വസ്ത്രം അവന്റെ ക്ലാസ് ഐഡന്റിറ്റിയെ ദിവസേന പ്രസ്താവിക്കുന്നു. അവൻ ധരിക്കുന്ന വസ്ത്രം "ശുദ്ധിയുടെ" അടയാളമാകുമ്പോൾ, അവന്റെ ഹൃദയം "അശുദ്ധിയുടെ" കഥ പറയുന്നു. വാതിൽക്കൽ കിടക്കുന്ന ലാസറിനെ കാണാതെ പോകുന്ന നിമിഷത്തിൽ, ആ നൂൽപ്പാവാട ഒരു നീതിയുടെ മറ ആയി മാറുന്നു. ദൈവം ചോദിക്കുന്ന കാരുണ്യത്തെ മറച്ചുവെക്കുന്ന മറ.

ഇവിടെ "വസ്ത്രത്തിന്റെ അധികാര രാഷ്ട്രീയം" വളരെ സൂക്ഷ്മമായി പ്രവർത്തിക്കുന്നു. വസ്ത്രം ഒരു ബൗണ്ടറി സൃഷ്ടിക്കുന്നു, ആഡംബരവും ആഘോഷവും; പുറത്ത് ദാരിദ്ര്യവും വേദനയും.

നൂൽപ്പാവാട ധരിച്ചവൻ തന്റെ ശരീരത്തെ മാത്രമല്ല, തന്റെ ലോകത്തെയും വേർതിരിക്കുന്നു. അത് ഒരു അദൃശ്യ മതിൽ ആയി മാറുന്നു, ലാസറിനെയും അവനെയും തമ്മിൽ വേർതിരിക്കുന്ന. ഈ മതിൽ, സാമ്പത്തിക വ്യത്യാസത്തിന്റെ മാത്രമല്ല, നൈതിക അനാസ്ഥയുടെ മതിലും ആണ്.

ദൈവശാസ്ത്രപരമായി നോക്കുമ്പോൾ, ഇത് ഒരു വലിയ പരിഹാസം സൃഷ്ടിക്കുന്നു. പഴയനിയമത്തിൽ നൂൽപ്പാവാട ധരിച്ചവർ പലപ്പോഴും ദൈവസന്നിധിയുമായി ബന്ധപ്പെട്ടു നിൽക്കുന്നവരാണ്. എന്നാൽ ഇവിടെ, അതേ വസ്ത്രം ധരിച്ചവൻ ദൈവത്തിന്റെ ഹൃദയത്തിൽ നിന്ന് ഏറ്റവും അകന്നവനായി കാണപ്പെടുന്നു. അതായത്, പവിത്രതയുടെ അടയാളങ്ങൾ പോലും അനീതിയുടെ ഉപകരണങ്ങളായി മാറാം, ഹൃദയം കരുണയില്ലെങ്കിൽ. നമ്മോട് ചോദിക്കുന്നത് വളരെ കഠിനമായൊരു ചോദ്യമാണ്:



നമ്മൾ ധരിക്കുന്ന "വസ്ത്രങ്ങൾ", അത് സമ്പത്തായാലും, സ്ഥാനമായാലും, മതപരമായ തിരിച്ചറിയലായാലും അവ നമ്മെ മറ്റുള്ളവരിൽ നിന്ന് വേർതിരിക്കുന്ന മതിലുകളാണോ, അല്ലെങ്കിൽ അവ വഴി നമ്മൾ മറ്റുള്ളവരെ അടുക്കുന്ന വഴികളാണോ?

ധനവാന്റെ നൂൽപ്പാവാട, അതിന്റെ സുന്ദരതയിൽ പോലും, ഒരു ദാരുണ സത്യത്തെ വെളിപ്പെടുത്തുന്നു:

കരുണയില്ലാത്ത ആഡംബരം, ആത്മാവിന്റെ നഗ്നത മറയ്ക്കാൻ കഴിയില്ല.

ഗലീലായിലെ സാധാരണജനങ്ങൾ ധരിച്ചിരുന്നത് വൂലോ ലിനനോ ആയ ലളിതമായ ട്യൂണിക്ക്, അതിന് മുകളിൽ ഒരു ഹിമാതിയോൻ (മാന്തൾ). ദിവസവും ധരിക്കുന്നതും രാത്രിയിൽ മൂടിയുറങ്ങുന്നതുമായ ഒറ്റവസ്ത്രം. ഇത് ഒരു അവശ്യവസ്തു മാത്രമാണ്, സ്ഥാനമോ അധികാരമോ പ്രഖ്യാപിക്കുന്ന ചിഹ്നമല്ല. നിയമപരമായി പോലും, കടമായി എടുത്ത മാന്തൾ (പുതപ്പ്) രാത്രി തിരിച്ചു കൊടുക്കണമെന്ന് പറയുന്ന പാരമ്പര്യം ഉണ്ടായിരുന്നു. അതായത്, വസ്ത്രം ഒരു മനുഷ്യന്റെ ജീവനോട് ചേർന്ന അവകാശം. ഇത്തരം വസ്ത്രമാണ് യേശുവും ധരിച്ചിരുന്നത്.

ഇതിന്റെ പശ്ചാത്തലത്തിൽ, യേശുവിന്റെ ശുശ്രൂഷയിൽ വസ്ത്രം പലപ്പോഴും അധികാരത്തെ വിമർശിക്കുന്ന ഭാഷ ആകുന്നു. നീളമുള്ള വസ്ത്രങ്ങളും (ദീർഘവസ്ത്രങ്ങൾ) പൊതുസ്ഥലങ്ങളിൽ അംഗീകാരം തേടുന്ന മതനേതാക്കളെക്കുറിച്ചുള്ള വിമർശനം, അല്ലെങ്കിൽ സൈനികർ വസ്ത്രം പങ്കിട്ടെടുക്കുന്ന കുരിശിലെ ദൃശ്യങ്ങൾ. ഇവയെല്ലാം യേശുവിന്റെ വസ്ത്രം മാനവികതയെ തുറക്കുന്നു. ❑



His Holiness Moran Mar Baselios Marthoma Mathews III Extends Congratulations to Newly Elected Georgian Patriarch

The Malankara Orthodox Syrian Church joyfully announces that His Holiness Moran Mar Baselios Marthoma Mathews III, Catholicos of the East and Malankara Metropolitan, has conveyed a letter of heartfelt congratulations and prayers to His Holiness Patriarch Shio upon his election as Catholicos-Patriarch of All Georgia and Archbishop of Mtskheta and Tbilisi.

In his message, His Holiness the Catholicos expressed gratitude to God for the life and ministry of the newly elected primate and assured him of the prayers and fraternal support of the Malankara Orthodox Syrian Church as he assumes the sacred responsibility of shepherding the ancient Georgian Orthodox Church.

His Holiness Moran Mar Baselios Marthoma Mathews III reflected upon the longstanding bonds of Christian fellowship shared between the Malankara Orthodox Syrian Church and the Georgian Orthodox Church, recalling with gratitude the historic visit of the late His Holiness Ilia II to India in 1982 during the celebrations marking the 70th anniversary of the re-establishment of the Catholicate in Malankara. The Catholicos also prayed that the Lord would grant His Holiness Patriarch Shio wisdom, strength, and many blessed years in leading the faithful of Georgia in peace, unity, and steadfast witness to the Gospel.

The Malankara Orthodox Syrian Church joins the faithful of the Georgian Orthodox Church in offering prayers for the fruitful and grace-filled primatial ministry of His Holiness Patriarch Shio.



കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ മുതിർന്ന വൈദികനും മാമ്മലശ്ശേരി മാർ മിഖായേൽ ഓർത്തഡോക്സ് പള്ളി വികാരിയുമായ പതപ്പിള്ളിൽ ഫാ. ഷിബു കുര്യന് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് ബിരുദം ലഭിച്ചു. School of Gandhian Thought se prof. Dr. M.H.llias ന്റെ കീഴിൽ Bio Politics and Health security: Issues of Vaccination in Kerala എന്ന വിഷയത്തിൽ ഗവേഷണം പൂർത്തികരിച്ച് ഡോക്ടറേറ്റ് കരസ്ഥമാക്കിയത്. സെന്റ് തോമസ് ഓർത്തോഡോക്സ് വൈദികസംഘം നോർത്ത് സോൺ സെക്രട്ടറി കൂടിയാണ്.



കോട്ടയം ഭദ്രാസനത്തിലെ ആദ്ധ്യാത്മിക സംഘടനകളുടെ വാർഷികം പാമ്പാടി കുറിയാക്കോസ് ദയറായിൽ നടന്നു. ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് ഉദ്ഘാടനം ചെയ്തു.

ഡൽഹി സെന്റ് സ്റ്റീഫൻസ് കോളജിന്റെ ആദ്യ വനിതാ പ്രിൻസിപ്പലായി പ്രൊഫ. സൂസൻ എലിയാസിനെ നിയമിച്ചു



ഡൽഹിയിലെ പ്രശസ്തമായ സെന്റ് സ്റ്റീഫൻസ് കോളജിന്റെ പതിനാലാമത് പ്രിൻസിപ്പലായി ചെന്നൈയിൽ നിന്നുള്ള പ്രമുഖ പണ്ഡിതയായ പ്രൊഫസർ സൂസൻ എലിയാസിനെ ഔദ്യോഗികമായി തിരഞ്ഞെടുത്തു. 145 വർഷത്തെ കോളജിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു വനിത ഈ പദവിയിലെത്തുന്നത്.

2026 മെയ് 12-ന് കോളജ് ചെയർമാനും ഡൽഹി ബിഷപ്പുമായ റൈറ്റ് റവ. ഡോ. പോൾ സ്വരൂപ് ആണ് ഈ ചരിത്രപരമായ നിയമനം സ്ഥിരീകരിച്ചത്.

2026 ജൂൺ 1-നു പ്രൊഫ. എലിയാസ് പുതിയ ചുമതലയേൽക്കും.

മൾട്ടിമീഡിയ ടെക്നോളജിയിൽ വിദഗ്ധയും കമ്പ്യൂട്ടർ സയൻസ് പ്രൊഫസറുമായ അവർക്ക് മൂന്ന് പതിറ്റാണ്ടിലേറെ നീണ്ട അക്കാദമിക് നേതൃപരിചയമുണ്ട്. വി.ഐ.ടി വെല്ലൂർ, ഹിന്ദുസ്ഥാൻ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ച അവർ, നിലവിൽ ചണ്ഡീഗഡ് യൂണിവേഴ്സിറ്റിയിൽ പ്രോ വൈസ് ചാൻസലറായി (ഗവേഷണം) പ്രവർത്തിച്ചുവരികയായിരുന്നു.

ചെന്നൈ അണ്ണാ നഗറിലെ സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് ചർച്ച് അംഗം കൂടിയാണ് പ്രൊഫ. എലിയാസ്.

1928-ൽ പെൺകുട്ടികൾക്ക് പ്രവേശനം നൽകിത്തുടങ്ങിയെങ്കിലും, ഒരു വനിത പ്രിൻസിപ്പൽ സ്ഥാനത്തേക്ക് എത്തുന്നത് കോളജിനെ സംബന്ധിച്ചിടത്തോളം വലിയൊരു നാഴികക്കല്ലാണ്.



മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ഹേബ തങ്കം വർഗീസ്. ഭർത്താവ് പത്തനാപുരം തെക്കേവീട്ടിൽ റിന്റു ജോർജ് തോമസ്. പത്തനാപുരം സെന്റ് സ്റ്റീഫൻസ് മൗണ്ട് താബോർ ദയറാ ചാപ്പൽ അംഗമാണ്.



പരുമല സെമിനാരിയിൽ നടന്ന സ്വർഗ്ഗാരോഹണ പെരുന്നാൾ ശുശ്രൂഷയ്ക്ക് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത പ്രധാന കാർമികത്വം വഹിച്ചു. പരുമല സെമിനാരി മാനേജർ ഫാ. എൽദോസ് ഏലിയാസ്, അസി. മാനേജർമാരായ ഫാ. ജെ. മാത്യുക്കുട്ടി, ഫാ. ഗീവർഗീസ് മാത്യു, സുൽത്താൻബത്തേരി ഭദ്രാസനത്തിലെ വൈദികനായ ഫാ. ഫിലിപ്പ് ചെറിയാൻ എന്നിവരും ശുശ്രൂഷയിൽ പങ്കുകൊണ്ടു.




കൊല്ലം മെത്രാസനത്തിന്റെ നേതൃത്വത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശമേറ്റ കൊല്ലം ദേശത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ സ്മരണക്കായി ഇരവിപുരം കടൽതീരത്തിന്റെ സമീപം മാർത്തോമ്മൻ പൈതൃക സ്മാരക കുരിശിൻസൗധത്തിന്റെ കല്ലിടൽ ശുശ്രൂഷ കൊല്ലം മെത്രാസന ഇടയൻ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ നടന്നു. വികാരി ഫാ ഫിലിപ്പ് തരകൻ നേതൃത്വം നൽകി.



ബോംബെ ഭദ്രാസന കൗൺസിൽ മെമ്പറും, താനെ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവകയിലെ സീനിയർ മെമ്പറുമായ എ. ജി. ബാബുവിനെ മഹാരാഷ്ട്ര ക്രിസ്ത്യൻ മൈനോറിറ്റി സെല്ലിന്റെ ബോംബെ ഭദ്രാസനത്തിലെ അൻപതിൽ പരം ദേവാലയങ്ങളിലെ അംഗങ്ങളുടെ പ്രസിഡന്റായി മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെയുടെ അംഗീകാരത്തോടെ ഏപ്രിൽ 24 മുതൽ നിയമിതനായി.



നിയുക്ത കുട്ടനാട് മണ്ഡലത്തിന്റെ നിയമസഭാസാമാജികനായി തിരഞ്ഞെടുക്കപ്പെട്ട റെജി ചെറിയാനെ മാതൃദേവാലയമായ മാവേലിക്കര ഭദ്രാസനത്തിലെ പത്തിയൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവക ആദരിച്ചു. വി. കുർബാനക്ക് ശേഷം നടന്ന അനുമോദന യോഗത്തിൽ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, സഭാസ്ഥാനികൾ, ഭദ്രാസന സെക്രട്ടറി, ഭദ്രാസന പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



ദേവാലയ കൂദാശയും പ്രതിഷ്ഠാ ദിനവും

മലങ്കര ഓർത്തഡോക്സ് സഭയുടെ ക്യാനഡ ഭദ്രാസനത്തിലെ കാൽഗറി സെന്റ് മേരീസ് ദേവാലയ കൂദാശ മെയ് 29, 30 തീയതികളിൽ നടക്കും. പ. ബസേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമികത്വത്തിലും ക്യാനഡ ഭദ്രാസന സഹായ മെത്രാപ്പോലീത്താ സഖറിയാ മാർ നിക്കോളോവോസിന്റെയും കുന്നംകുളം ഭദ്രാസന മെത്രാപ്പോലീത്ത ഗീവറുഗീസ് മാർ യൂലിയോസിന്റെയും സഹ കാർമ്മികത്വത്തിലുമാണ് ശുശ്രൂഷകൾ നടക്കുക.